# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അത്തോളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി6/2206/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 20/01/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അത്തോളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി6/2206/2022 തീയ്യതി: 20/01/2023

## കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.പി രത്നസിംഗ് | ഡെപ്യൂട്ടി ഡയറക്ടർ | 14-11-2022 | 19-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-11-2022 | 19-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഇ.വി ഹരി ഓഡിറ്റ് ഓഫീസർ

ശ്രീമതി.പ്രസീതകുമാരി എം.ഓഡിറ്റ് ഓഫീസർ

ശ്രീമതി.ജിഷ സാമുവൽ.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ജാസിർ സി.എം ഓഡിറ്റർ(സീനിയർ ഗ്രേഡ്)

ശ്രീമതി.ജിഷ എം.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഷീബ രാമചന്ദ്രൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ഇന്ദു എ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അഷറഫ് വി.എൻ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.ദിവ്യ എം | മെഡിക്കൽ ഓഫീസർ.എഫ്.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.അഞ്ജന | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ.പ്രഭിത വി.പി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 13-04-2021 |
| ഡോ.നിമ | മെഡിക്കൽ ഓഫീസർ ഹോമിയോ | 13-04-2021 | 31-03-2022 |
| ഡോ.നസീമ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.സുവർണ്ണ ശ്യാം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.അബൂബക്കർ സിദ്ദീഖ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.സജീഷ് | വി.ഇ.ഒ | 01-04-2021 | 09-08-2021 |
| ശ്രീ.ഷിജു | വി.ഇ.ഒ | 10-08-2021 | 31-03-2022 |
| ശ്രീ.ആസിഫ് അഷറഫ് | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ.സുരേന്ദ്രൻ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-05-2021 |
| ശ്രീമതി.മിനി എൻ.വി | ഹെഡ്മിസ്ട്രസ് | 01-06-2021 | 26-10-2021 |
| ശ്രീ.മുഹമ്മദ് ബഷീർ | ഹെഡ്മാസ്റ്റർ | 27-10-2021 | 31-03-2022 |
| ശ്രീമതി.ശാന്തി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജിഷ ഒ.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 21-04-2021 |
| ശ്രീ.അക്ബർ ഷരീഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 22-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | പെൻഷൻ അർഹത പുന:പരിശോധന സമയബന്ധിതമായി നിർവ്വഹിക്കുന്നില്ല | 1-7-1 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടി സംബന്ധിച്ച് | 1-10 |
| 13 | ലേലത്തുക പൂർണ്ണമായി അടവാക്കാത്തതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് | 1-11 |
| 14 | വസ്തുനികുതി നിരക്ക് ഭേദഗതി നടതിയത് സഞ്ചയയിൽ മാറ്റം വരുത്തിയില്ല | 1-12 |
| 15 | തൊഴിൽ നികുതി അപാകതകൾ | 1-13 |
| 16 | വസ്തുനികുതി അപാകതകൾ | 1-14 |
| 17 | സംരംഭക ലൈസൻസ് - അപാകതകൾ | 1-15 |
| 18 | അനധികൃത നിർമ്മാണങ്ങൾ-തുടർനടപടികൾ സംബന്ധിച്ച് | 1-16 |
| 19 | മതിയായ വിശകലനമില്ലാതെ ആദ്യ സിംഗിൾ ടെണ്ടർ നിരസിച്ചു - പഞ്ചായത്തിന് അധിക ചെലവിനു കാരണമായി | 1-17 |
| 20 | കുഴിച്ചെടുത്ത മണ്ണ് അതേ നിർമ്മാണത്തിലെ മറ്റു പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്താത്തതിനാൽ അധിക ചെലവ് | 1-18 |
| 21 | കോൺക്രീറ്റ് പേവിംഗ് - ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികളിലും ഫോം വർക്കിന് തുക ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ് | 1-19 |
| 22 | അളവു പുസ്തകങ്ങളുടെ ഉപയോഗത്തിൽ സുതാര്യതയില്ല | 1-20 |
| 23 | ഒരേ തരം/സ്വഭാവത്തിലുള്ള പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ വ്യത്യസ്ത ഐറ്റം ഉൾപ്പെടുത്തുന്നു | 1-21 |
| 24 | പ്രവൃത്തിയുടെ സ്വഭാവം മുഴുവനായി മാറ്റിയപ്പോഴും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യാതെ പ്രവൃത്തി നടത്തി | 1-22 |

| | | |
|---|---|---|
| 25 | സ്പിൽ ഓവർ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നില്ല | 1-23 |
| 26 | അത്തോളി കുടുംബാരോഗ്യ കേന്ദ്രം - ഉപകരണങ്ങൾ വാങ്ങൽ - സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ചു. | 1-24 |
| 27 | ടെണ്ടർ നടപടി വൈകിയതിനാൽ ടെണ്ടർ അധികം അനുവദിക്കേണ്ടി വന്നു - പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ് | 1-25 |
| 28 | കുടിവെള്ള പദ്ധതികളുടെ മോട്ടോർ സ്ഥാപിക്കൽ - റെയ്ഡ്കോയ്ക്ക് അമിത നിരക്ക് നൽകി | 1-26 |
| 29 | പഞ്ചായത്ത് തിരഞ്ഞെടുപ്പ് - സ്ഥാനാർത്ഥികളുടെ നിക്ഷേപം മുതൽക്കൂട്ടിയില്ല | 1-27 |
| 30 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൾ മുഴുവൻ മരുന്നുകളും ലഭ്യമായില്ല. | 1-28 |
| 31 | സ്ഥിരനിക്ഷേപം പലിശ മുതൽക്കൂട്ടിയില്ല | 1-29 |
| 32 | പെയിൻ ആൻഡ് പാലിയേറ്റീവ് - മാനേജ്മെന്റ് കമ്മറ്റി യോഗങ്ങൾ ചേരുന്നില്ല | 1-30 |
| 33 | മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ | 1-31 |
| 34 | കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വരിസംഖ്യ നൽകുന്നു - ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല. | 1-32 |
| 35 | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ - പ്രവൃത്തി തടസ്സപ്പെട്ടു | 1-33 |
| 36 | ശുചിത്വ മിഷൻ ഗ്രാന്റ് വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 1-34 |
| | ഭാഗം **2** | |
| 1 | വസ്തുനികുതി അപാകതകൾ | 2-1 |
| | ഭാഗം **3** | |
| 1 | കോൺക്രീറ്റ് പേവിംഗ് - ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികളിലും ഫോം വർക്കിന് തുക ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ് | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 ലെ ബജറ്റ് 16-02-2021 തീയതിയിലെ 01/01 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 25.03.2022 തിയ്യതി ലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

ഓഡിറ്റ് വർഷം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ വലിയ തോതിൽ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥത്തിൽ ഉള്ളത് |
|---|---|---|
| മുന്നിരിപ്പ് | 3,36,48,850 | 2,51,25,692 |
| വരവ് | 22,32,93,000 | 9,70,04,079 |
| ചെലവ് | 24,70,42,000 | 9,36,81,937 |
| നീക്കിയിരിപ്പ് | 98,99,850 | 11,39,765 |

എ) തനത് വരുമാനം – എസ്റ്റിമേറ്റ് തുക ക്രമാതീതം

തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. പ്രധാന വരുമാന സ്രോതസ്സായ നികുതി വരുമാനത്തിൽ മുൻ വർഷ വരുമാനം 93,06,657/- രൂപയാണെന്നിരിക്കേ 116,00,000/- രൂപയുടെ നികുതി വരവ് പ്രതീക്ഷിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല. രേഖകളില്ലാതിരിക്കേ നികുതി പിരിവിൽ ഇത്രയേറെ വർദ്ധനവ് എങ്ങനെ പ്രതീക്ഷിച്ചു എന്ന് വ്യക്തമല്ല. മുൻവർഷത്തിൽ നികുതിയേതര വരുമാനം 13,01,965/- രൂപയാണ്. എന്നാൽ പ്രസ്തുത ഇനത്തിൽ ഈ വർഷം പ്രതീക്ഷിച്ചത് 25,45,000/- രൂപയുടെ വർദ്ധനവാണ്. ഇത്രയും വർദ്ധനവ് പ്രതീക്ഷിച്ചതിന് കാരണം വ്യക്തമല്ല.

വരവിനത്തിലുള്ള വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം വരവ് | വാർഷിക കണക്കു പ്രകാരം വരവ് |
|---|---|---|
| നികുതി വരുമാനം | 1,16,00,000 | 99,68,444 |
| ഫീസ് & യൂസർ ചാർജ്ജസ് | 25,45,000 | 14,51,477 |

മേൽ പ്രകാരം പ്രതീക്ഷിത വരവിന്റെ കാര്യത്തിൽ വ്യതിയാനം വന്നിട്ടുണ്ട്. ഭാവിയിൽ

ബജറ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 10-08-2022 | ILGMS | |

1-2-1 വാർഷിക കണക്കിലെ അപാകതകൾ

അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഡെപ്പോസിറ്റ് ഇനത്തിൽ 2020-21 ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുക + (2021-22 വർഷം ലഭിച്ച തുക RP-33 വരവ് ഭാഗം) - (2021-22 വർഷത്തെ ചെലവ് RP-33 ചെലവ് ഭാഗം) ചെയ്താൽ ലഭിക്കുന്ന തുകയായ 9,16,072/- രൂപയും 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുകയായ 6,92,572/- രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു.

2. മൂന്ന് വർഷ കാലപരിധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. ഉദാ- Suppliers EMD, Other Deposits മുതലായവ.

3. വാർഷിക കണക്ക് പ്രകാരം സ്ഥാപനത്തിന് ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ 66,38,589/- രൂപ ബാലൻസ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ തുക 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുകയാണ്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ഷെയർ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിൽ 2021-22 വർഷത്തിൽ പലിശ വരവ് വന്നിട്ടില്ല.

4. 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം സി.എഫ്.സി ഗ്രാന്റ് ഇനത്തിൽ 28,61,790/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ 2021-22 ബാലൻസ് ഷീറ്റ് ബി-17 പ്രകാരം കേരള ഗ്രാമീൺ ബാങ്ക് സി.എഫ്.സി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം ബാലൻസ് തുക 28,77,517/- രൂപയാണ്. 15,727/- രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു.

5. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം 5235/- രൂപയുടെ സ്റ്റോർസ് 2021-22 ൽ നീക്കിയിരിപ്പുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ സംക്ഷിപ്തം കൃത്യമായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ - വാഹനം

7. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട റേഷ്യോസ്, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

8. ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തേക്കുള്ള ഡിപ്രിസിയേഷൻ കണക്കാക്കിയത് വർക്ക് ഷീറ്റ് ഇല്ലാതെയാണ്.

9. ഇ-ടെൻഡർ ഫീ ഇനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ എക്കൗണ്ടിൽ വരവ് വന്ന 73968.5/- രൂപ ഗ്രാമപഞ്ചായത്ത് എക്കൗണ്ടിലേക്ക് വരവ് വന്നിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം- 13/21-22 തിയ്യതി-18.11.2022). അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,51,25,692 |
| വരവ് | 9,70,04,079 |
| ആകെ | 12,21,29,771 |
| ചെലവ് | 9,36,81,937 |
| നീക്കിയിരിപ്പ് | 2,84,47,834 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ. ബി | വരവ് | ആകെ | ചെലവ് | സി. ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13961567 | 13961567 | 13411200 | 550367 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 10419467 | 10419467 | 10419413 | 54 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 12845000 | 12845000 | 11423264 | 1421736 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5638024 | 5638024 | 3644761 | 1993263 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | PFMS | 0 | 4299324 | 4299324 | 1924374 | 2374950 |
| | TREASURY | 0 | 4135768 | 4135768 | 691467 | 3444301 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | PFMS | 0 | 2874567 | 2874567 | 2387727 | 486840 |
| | TREASURY | 0 | 1093801 | 1093801 | 791900 | 301901 |
| ദുരിതാശ്വാസനിധി | | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | | 536937 | 937419 | 1474356 | 1315748 | 158608 |
| ടോട്ടൽ സാനിറ്റേഷൻ ക്യാംപയിൻ | | 156000 | 0 | 156000 | 103908 | 52092 |
| പ്രാദേശിക വികസന ഫണ്ട്-എം.പി.ഫണ്ട് | | 37757 | 922779 | 960536 | 393064 | 567472 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| സാക്ഷരത | | 2460 | 0 | 2460 | 0 | 2460 |
| വിമുക്തി | | 38221 | 0 | 38221 | 0 | 38221 |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 3007099 | 0 | 3007099 | 202500 | 2804599 |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം.തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കേഷനും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ |
|---|---|---|
| വികസനഫണ്ട്-ജനറൽ ഉത്പാദനം | 12613846 | 3671284 |

| | | | |
|---|---|---|---|
| സേവനം | | 52826039 | 11978316 |
| വികസനഫണ്ട്-എസ്.സി.പി. സേവനം | | 52613152 | 8291003 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ്-പശ്ചാത്തലം | | 13072167 | 12845000 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | സേവനം | 6153303 | 4732053 |
| | പശ്ചാത്തലം | 1000000 | 250000 |

## 1-5 പദ്ധതി അവലോകനം

തൻവർഷം 203 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 167 പ്രോജക്ടുകൾ നടപ്പിലാക്കി. 36 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. വികസന ഫണ്ടിനത്തിൽ ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13961567 | 13961567 | 13411200 | 550367 | 96 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 10419467 | 10419467 | 10419613 | 146 | 100 |
| വികസന ഫണ്ട്- | 0 | 1093801 | 1093801 | 791900 | 301901 | 72 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി മുഖേന | | | | | | |
| വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)ട്രഷറി മുഖേന | 0 | 4135768 | 4135768 | 691467 | 3444301 | 16.7 |
| വികസന ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) PFMS മുഖേന | 0 | 2874567 | 2874567 | 2387727 | 486840 | 83 |
| വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)PFMS മുഖേന | 0 | 4299324 | 4299324 | 1924374 | 2374950 | 44.7 |
| മെയിന്റനൻസ്, റോഡ് | - | 12845000 | 12845000 | 11423264 | 1421736 | 88.9 |
| മെയിന്റനൻസ്, നോൺ – റോഡ് | - | 5638024 | 5638024 | 3644761 | 1993263 | 64.6 |

എസ്.സി.പി ഫണ്ട് മുഴുവനായും ചെലവഴിച്ചിട്ടുണ്ട്. വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി മുഖേന) എന്നീ ഇനങ്ങളിൽ ലഭിച്ച തുകയിൽ 77,11,714/- രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. അംഗീകാരം ലഭിച്ച 36 പദ്ധതികൾ താഴെ പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| നിർവ്വഹണ | നടപ്പാക്കാത്ത പദ്ധതി കളുടെ |
|---|---|

| ഉദ്യോഗസ്ഥൻ | എണ്ണം |
|---|---|
| സെക്രട്ടറി | 03 |
| അസി. സെക്രട്ടറി | 01 |
| വി.ഇ.ഒ | 01 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 31 |

അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കാത്തതും ലഭിച്ച ഫണ്ട് മുഴുവൻ ചെലവാക്കാത്തതും കാരണം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനം യഥാസമയം ലഭിക്കാതിരിക്കുകയും ലഭിച്ച ഫണ്ട് നഷ്ടപ്പെടുന്നതിനും ഇടയാക്കി. അംഗീകാരം ലഭിച്ച മുഴുവൻ പദ്ധതികളും നടപ്പിലാക്കുന്നുവെന്നും ലഭിച്ച തുക മുഴുവൻ ചെലവാക്കുന്നുവെന്നും ഭാവിയിൽ ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി അവലോകനം

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 17 |
| തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 5,293 |
| തൻവർഷം തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 5,293 |
| തൻവർഷം തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 2,656 |
| തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 2,343 |
| തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1,152 |

| | |
|---|---|
| ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം | 3,546 |
| വകയിരുത്തിയ തുക | 7,26,50,000 |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 268 |
| തൻവർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 5,85,56,000 |
| തൻവർഷത്തെ ആകെ ചെലവ് | 5,85,49,000 |

ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| അവിദഗ്ധ തൊഴിലാളികൾ | 4,42,49,000 |
| വിദഗ്ധ തൊഴിലാളികൾ | 24,31,000 |
| മെറ്റീരിയൽസ് | 97,42,000 |
| നികുതികൾ | 9,61,000 |
| ഭരണചെലവുകൾ | 11,66,000 |
| ആകെ | 5,85,49,000 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 69,02,200 | 451 |
| വിധവാ പെൻഷൻ | 1,81,64,800 | 1,246 |
| വാർദ്ധക്യകാല പെൻഷൻ | 3,57,04,000 | 3,036 |
| വികലാംഗ പെൻഷൻ | 51,75,000 | 359 |
| 50 വയസ്സ് കഴിഞ്ഞ | 16,92,800 | 122 |

| | | | |
|---|---|---|---|
| | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | |

1-7-1 പെൻഷൻ അർഹത പുന:പരിശോധന സമയബന്ധിതമായി നിർവ്വഹിക്കുന്നില്ല

പഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടും പെൻഷൻ റദ്ദ് ചെയ്യാൻ കാലതാമസം ഉണ്ടാവുന്നു. ഫയൽ നമ്പർ Sc2 No.nil/22 1.2.2022 ലെ അപേക്ഷ പ്രകാരം വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവായിരുന്ന വാസു കെ (പെൻഷൻ ഐ.ഡി.നമ്പർ 110300201891) 2.7.20ന് മരണപ്പെട്ട വിവരം 15.7.20 ന് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തെങ്കിലും 2022 വരെ പെൻഷനറുടെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ സേവന സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നിലവിൽ പെൻഷൻ റദ്ദ് ചെയ്തിട്ടില്ല എന്ന് കാണുന്നു. പഞ്ചായത്തിൽ മരണ വിവരം രജിസ്റ്റർ ചെയ്തിട്ടും സെപ്റ്റംബർ 2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരിച്ചടച്ചിട്ടില്ല.

പഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരം മരണം രജിസ്റ്റർ ചെയ്യുന്ന എല്ലാവരെയും പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നില്ല.

കർഷക തൊഴിലാളി പെൻഷൻ ഗുണഭോക്താവായിരുന്ന ലക്ഷ്മി അമ്മ (പെൻഷൻ ഐ.ഡി. നമ്പർ 110300100442) 15.12.20 ന് മരണപ്പെട്ട വിവരം 19.1.21 ന് തലക്കുളത്തൂർ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തെങ്കിലും 2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ സേവന സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിലവിൽ പെൻഷൻ റദ്ദ് ചെയ്തിട്ടില്ല എന്ന് കാണുന്നു. സെപ്റ്റംബർ 2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരിച്ചടച്ചതിന്റെ വിവരം ലഭ്യമല്ല.

മറ്റ് പഞ്ചായത്തുകളിൽ മരണപ്പെടുന്ന പെൻഷൻ ഗുണഭോക്താക്കളുടെ മരണ വിവരം സമയബന്ധിതമായി അത്തോളി പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല.

സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതാണ്.

നിലവിൽ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ജോലി ലഭിക്കുകയോ മരണപ്പെടുകയോ ചെയ്യുന്നത് മൂലം അനർഹരാവുന്നത് സമയബന്ധിതമായി പരിശോധിക്കുന്നതിനുള്ള സംവിധാനം

സ്ഥാപനത്തിൽ ഇല്ല. ഇത്തരത്തിൽ പെൻഷൻ ലഭിച്ചവരുടെ അർഹത പുന:പരിശോധിക്കുന്നതിൽ കാലതാമസം ഉണ്ടാവുന്നതിന് മറുപടി നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിൽ നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാരെയും അങ്കണവാടി ജീവനക്കാരെയും ആശാ വർക്കർമാരെയും ഉപയോഗപ്പെടുത്തി മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും തുടർന്നുള്ള എല്ലാ മാസങ്ങളിലും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം അങ്കണവാടി/ആശാ വർക്കർമാർ എന്നിവർ മുഖാന്തിരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാവുന്നതുമാണ്. അനർഹമായി അനുവദിച്ച പെൻഷൻ തുക അനന്തരാവകാശികൾ വഴിതിരിച്ചടയ്ക്കാൻ ആവശ്യപ്പെടേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 85,671/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ നിജസ്ഥിതി പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

ഓഫീസ് ഉത്തരവു പ്രകാരം പഞ്ചായത്തിൽ ജീവനക്കാർക്ക് അവരുടെ ഉത്തരവാദിത്വങ്ങൾ കൃത്യമായി വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ മേലുദ്യോഗസ്ഥർ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിൽ സൂക്ഷിക്കേണ്ട വിവരാവകാശ രജിസ്റ്ററിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി സമയബന്ധിതമായി നടപടപടികൾ കൈക്കൊള്ളുന്ന വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പരാതി രജിസ്റ്റർ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് ഡയറിയിൽ തപാലുകൾ ലഭിച്ച തീയ്യതി, സെക്ഷനുകൾക്ക് കൈമാറുന്ന തീയതി എന്നിവ കൃത്യമായി

രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കിയത് എല്ലാമാസവും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിവിധ ഡി.സി.ബി. രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിലെയും കൈമാറി കിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേരും വിലാസവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ട ഇൻകൃമ്പൻസി മാസ്റ്റർ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ഭൂരിഭാഗം വൗച്ചറുകളും പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടുണ്ട്. മുൻകാല ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഊർജിതമായ നടപടികൾ ഉണ്ടായിട്ടില്ല. നിലവിൽ 2020-21 ഓഡിറ്റ് റിപ്പോർട്ട് വരെ 108 ഖണ്ഡികകൾ തീർപ്പാക്കുന്നതിന് അവശേഷിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തത മൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകാൻ ഇടയാകുന്നു.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തര നിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-10 മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടി സംബന്ധിച്ച്

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സ്ഥാപനം കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2000-01 മുതൽ 2018-19 വരെ തീർപ്പാക്കാനുണ്ടായിരുന്ന 88 ഖണ്ഡികകൾക്ക് (സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകൾ ഒഴികെ) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 7 മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പൂർണ്ണമായും തീർപ്പാക്കി ഓഡിറ്റ് റിപ്പോർട്ട് ക്ലോസ് ചെയ്തിട്ടുണ്ട്.

നിലവിൽ 2020-21 ഓഡിറ്റ് റിപ്പോർട്ട് വരെ 108 ഖണ്ഡികകൾ തീർപ്പാക്കുന്നതിന്

അവശേഷിക്കുന്നുണ്ട്. റിപ്പോർട്ടുകളിലെ വരവ് സംബന്ധിച്ച പരാമർശങ്ങളിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കാതെ, പരിഹരിച്ചു, നടപടി സ്വീകരിച്ചു വരുന്നു തുടങ്ങിയ മറുപടികൾ നൽകിയതായി കാണുന്നു. വരവ് സംബന്ധമായി മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ച കാര്യങ്ങൾ പൂർണ്ണമായി പരിഹരിക്കുന്നതിൽ സ്ഥാപനത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. മുൻ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ അതേ പോലെ തുടരുന്നുണ്ട്.

ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്കും അപാകതകൾ പരിഹരിക്കുന്നതിന് നൽകുന്ന നിർദ്ദേശങ്ങൾക്കും സ്ഥാപനം അർഹമായ പ്രാധാന്യം നൽകാത്തതാണ് അപാകതകൾ ആവർത്തിക്കുന്നതിന് കാരണമാകുന്നത്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-11 ലേലത്തുക പൂർണ്ണമായി അടവാക്കാത്തതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മത്സ്യമാർക്കറ്റ്, പൊതു ശൗചാലയം എന്നിവ 2021-22 വർഷത്തേയ്ക്ക് ഏറ്റെടുത്ത് നടത്തുന്നതിന് 22.2.21 ന് നടത്തിയ ലേലത്തിൽ ഏറ്റവും കൂടിയ തുകയ്ക്ക് ലേലം എടുത്ത ശ്രീ. ദിലീപ് ഹരിദാസൻ ലേലത്തുകയായ 3,02,500/- രൂപയിൽ 50,000/- രൂപ 22.2.21 നും 25,000/- രൂപ 7.7.21 നും കൂടി ആകെ 75,000/- മാത്രമേ അടവാക്കിയിട്ടുള്ളു. ശ്രീ. ദിലീപ് ഹരിദാസന് ലേലത്തുക അടയ്ക്കാൻ ആവശ്യപ്പെട്ട് 27.5.21, 9.6.21, 21.6.21 എന്നീ തിയ്യതികളിൽ കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ശ്രീ. ദിലീപ് ഹരിദാസൻ ലേലത്തുകയുടെ ബാക്കി അടവാക്കുകയോ എഗ്രിമെന്റ് നടപടികൾ പൂർത്തീകരിക്കുകയോ ചെയ്യാത്തതിനാൽ ലേലം റദ്ദ് ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ഗ്രാമപഞ്ചായത്ത് ശ്രീ. ദിലീപ് ഹരിദാസനെ അറിയിച്ചിട്ടുണ്ട്. 28.10.21 ലെ 17/5 തീരുമാന പ്രകാരം ശ്രീ.ദിലീപ് ഹരിദാസന് പല തവണ അറിയിപ്പ് നൽകിയിട്ടും എഗ്രിമെന്റ് വെയ്ക്കുന്നതിന് തയ്യാറാവാത്ത സാഹചര്യത്തിൽ ടിയാളുടെ നഷ്ടോത്തരാദിത്വത്തിൽ പുനർലേലം ചെയ്യുന്നതിനും, ബാക്കി അടവാക്കാനുള്ള തുക ടിയാനിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ലേലം റദ്ദ് ചെയ്ത് 5.11.21 ന് പുനർലേലം നടത്തിയിട്ടുണ്ട്. മൊത്തം ലേലത്തുകയായ 3,02,500/- രൂപയിൽ ശ്രീ. ദിലീപ് ഹരിദാസൻ അടച്ച 75,000/- രൂപ കിഴിച്ച് പുനർലേലം നടന്ന 2021 നവംബർ മാസം വരെയുള്ള 7 മാസത്തെ തുകയായ 1,01,458/- രൂപ ലഭിക്കുന്നതിന് പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ലേലത്തുക അടവാക്കാൻ ആവശ്യപ്പെട്ട് അറിയിപ്പ് നൽകിയിട്ടും ബാക്കിയുള്ള 1,01,458/- രൂപ ഇതേ വരെ അടവാക്കിയിട്ടില്ലാത്തതിനാൽ ഈ കത്ത് കൈപ്പറ്റി 5 ദിവസത്തിനകം തുക അടവാക്കാത്ത പക്ഷം ഇനി ഒരു അറിയിപ്പ് കൂടാതെ നിയമനടപടികൾ സ്വീകരിക്കും എന്ന് അറിയിച്ച് 10.3.22 ന് പ്രോസിക്യൂഷൻ നടപടികൾക്ക് മുമ്പുള്ള നോട്ടീസ് ശ്രീ. ദിലീപ് ഹരിദാസന് നൽകിയിട്ടുള്ളതായി കാണുന്നു. ഇത് സംബന്ധിച്ച് തുടർനടപടി

വിവരങ്ങൾ അറിയിക്കേണ്ടതാണ്. തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

1-12 വസ്തുനികുതി നിരക്ക് ഭേദഗതി നടതിയത് സഞ്ചയയിൽ മാറ്റം വരുത്തിയില്ല

പഞ്ചായത്ത് ഭരണസമിതിയുടെ 6/11/2019 ലെ 9(1) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് നികുതി നിരക്ക് ഭേദഗതി വരുത്തിയിരുന്നു. എന്നാൽ ഇത് പ്രകാരം സഞ്ചയയിൽ മാറ്റം വരുത്താത്തതിനാൽ 2021, 2022 വർഷങ്ങളിൽ നികുതി കണക്കാക്കിയ ചുവടെ കൊടുത്ത കെട്ടിടത്തിന്റെ നികുതിയിൽ കുറവുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഗണം | പുതുക്കിയ നിരക്ക് |
| --- | --- |
| സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ | 40 |
| ഇതര വ്യവസായാവശ്യത്തിനുള്ളവ | 45 |
| വാണിജ്യാവശ്യത്തിനുള്ളവ 200 ച. മീ വരെ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ് ഷോപ്പിംഗ് മാൾ | 51 |

മേൽ കോളത്തിൽ കൊടുത്ത വാണിജ്യാവശ്യത്തിനുള്ളവ സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ എന്ന ഗണത്തിൽ 2022 ൽ നമ്പറിട്ട 1/172 B എന്നീ കെട്ടിടങ്ങൾക്ക് പഴയ നിരക്കായ 31/- രൂപയാണ് അടിസ്ഥാന വസ്തു നികുതി നിരക്കായി നൽകിയത്. ഇത് 40/- രൂപ നിരക്കിലായിരുന്നു നൽകേണ്ടിയിരുന്നത്. ഇതര വ്യവസായാവശ്യത്തിനുള്ളവ എന്ന ഗണത്തിൽ 2020, 2021 ൽ നമ്പറിട്ട 1/461 D, 2/600b, 4/183 D,8/605 A എന്നീ കെട്ടിടങ്ങൾക്ക് പഴയ നിരക്കായ 40/- രൂപയാണ് അടിസ്ഥാന വസ്തു നികുതി നിരക്കായി നൽകിയത്. ഇത് 45 രൂപ നിരക്കിലായിരുന്നു നൽകേണ്ടിയിരുന്നത്.

മുൻവർഷ റിപ്പോർട്ട് പ്രകാരം മേൽ കോളത്തിൽ കൊടുത്ത വാണിജ്യാവശ്യത്തിനുള്ളവ 200 ച. മീ വരെ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ് ഷോപ്പിംഗ് മാൾ എന്ന ഗണത്തിൽ 2020-21 ൽ നമ്പറിട്ട 9/752 A, B, C, D, F, G, H, I, J എന്നീ കെട്ടിടങ്ങൾക്ക് പഴയ നിരക്കായ 30/- രൂപയാണ് അടിസ്ഥാന വസ്തു നികുതി നിരക്കായി നൽകിയത്. ഇത് 51 രൂപ നിരക്കിലായിരുന്നു നൽകേണ്ടിയിരുന്നത് എന്ന് പരാമർശിച്ചിരുന്നെങ്കിലും നാളിതുവരെ പ്രസ്തുത അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകിച്ചിട്ടില്ല. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി - നം. 35/21-22 തീയതി 19/11/2022). അപാകതകൾ പരിഹരിച്ച് അധിക നിരക്കിലുള്ള നികുതി ഈ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി അപാകതകൾ

തൊഴിൽ നികുതിയുമായി ഡിമാന്റ് രജിസ്റ്റർ, അനുബന്ധ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ, ആയതിനുള്ള പരിഹാര മാർഗ്ഗങ്ങൾ എന്നിവ നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയവ പൂർണ്ണമായും പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, റേഷൻ ഷോപ്പ് ഉടമകൾ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2. ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത എല്ലാ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

3. ഗ്രാമപഞ്ചായത്ത് പരിധിയിൽ ടർഫ് /കളിസ്ഥലം പ്രവർത്തിക്കുന്നതായി ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾ കണ്ടെത്തി അവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

4. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ബി പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമയോടോ കൈവശക്കാരനോടോ ഹോട്ടൽ ലോഡ്ജ് നടത്തിപ്പുകാരോടോ അവരുടെ കെട്ടിടത്തിന്റെ താമസക്കാരെ കുറിച്ചും അവരുടെ തൊഴിലിനെയോ ഉദ്യോഗത്തെയോ വാടകയെ സംബന്ധിച്ചും രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. (ചട്ടം 13) എന്നാൽ ഇത്തരത്തിൽ നോട്ടീസ് നൽകിയതായി കാണുന്നില്ല.

5. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ട്യൂഷൻ / പി.എസ്.സി പരിശീലനകേന്ദ്രങ്ങൾ, ഡ്രൈവിംഗ് സ്കൂൾ തുടങ്ങിയവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

ലഭ്യമായ വരുമാന സ്രോതസ്സുകളിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും ഫീൽഡ് പരിശോധനയിലൂടെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി അവയിൽ നിന്നും ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽ നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിനും ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

അപാകതകൾ (ഓഡിറ്റ് എൻക്വയറി -നം. 33/21- 22 തീയതി 19/11/2022) സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി അപാകതകൾ

### വസ്തുനികുതി പുനർനിർണ്ണയിച്ചില്ല

മുൻവർഷത്തിൽ ഭാഗികമായി നിർമ്മാണം പൂർത്തീകരിച്ച് വസ്തു നികുതി നിർണ്ണയിക്കുകയും, ഓഡിറ്റ് വർഷത്തിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്ത കെട്ടിടത്തിന്റെ നികുതി ഉപയോഗക്രമത്തിന്റെ തരം മാറ്റി നികുതി പുനർനിർണ്ണയിച്ചില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

ഫയൽ നമ്പർ : എ4/256/2018

ശ്രീ.അബ്ദുൾ റസാഖ്, അബ്ദുൾ ബഷീർ കണിയാർ വയലിൽ, അത്തോളി എന്നവർക്ക് എ4.ബി.എ(48063/2018) നമ്പർ പെർമിറ്റ് പ്രകാരം 526.54 ച. മീറ്ററിലുള്ള വാണിജ്യ കെട്ടിടത്തിന് നിർമ്മാണനുമതി നൽകിയിരുന്നു. 2020 ൽ ഈ കെട്ടിടത്തിന്റെ 65.52 ച.മീ. വിസ്തൃതിയിലുള്ള താഴത്തെ നിലയിലെ ഒരു മുറി നിർമ്മാണം പൂർത്തീകരിച്ച് നികുതി നിർണ്ണയിച്ച നൽകി. ആ സമയം "വാണിജ്യാവശ്യത്തിനുള്ളവ, 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ ഷോപ്പുകൾ ഗോഡൗൺ" എന്ന ഉപയോഗക്രമത്തിൽ പെടുത്തി 45 രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചത്. പിന്നീട് 2021 ൽ ബാക്കി വരുന്ന 463.06 ച. മീ. വിസ്തൃതിയിലുള്ള ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ച് നമ്പറിംഗിനായി അപേക്ഷിച്ചു. ഇതു പ്രകാരം "വാണിജ്യാവശ്യത്തിനുള്ളവ 200 ച. മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ" എന്ന ഉപയോഗക്രമത്തിൽ പെടുത്തി 70 രൂപ നിരക്കിൽ നികുതി നിശ്ചയിച്ച നൽകി. എന്നാൽ ഈ സമയം ആദ്യം പൂർത്തീകരിച്ച ഭാഗത്തിന് ഉയർന്ന നിരക്കിൽ നികുതി പുനർനിർണ്ണയിച്ചില്ല. പ്രസ്തുത കെട്ടിടം 200 ച. മീറ്ററിനു മുകളിൽ വരുന്ന വാണിജ്യ കെട്ടിടമായതിനാൽ ആദ്യം നിർമ്മാണം പൂർത്തീകരിച്ച ഭാഗത്തിനും കൂടി കൂടിയ നിരക്കിലുള്ള നികുതി ബാധകമാക്കേണ്ടതാണ്.

| ഉദ്യോഗസ്ഥന്റെ പേര് | കെട്ടിട നം. വിസ്തീർണ്ണം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | വ്യത്യാസം |
|---|---|---|---|---|
| അബ്ദുൾ റസാഖ്, അബ്ദുൾ ഭഷീർ | 8/433 E 65.52 M2 വാണിജ്യം | 65.52x45 =2948.4 2948.4x20% =589.68 (വഴി വർദ്ധന) വസ്തുനികുതി =2948.4+589.68 = 3539 | 65.52x70 = 4586.4 4586.4x20% =917.28 (വഴി വർദ്ധന) 4586.4+917.28 = 5503.68 | വസ്തുനികുതി 5503.68 – 3539 = 1965 ലൈബ്രറി സെസ്സ് = 98 |

മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും വസ്തുനികുതി പുനർനിർണയിച്ച് നികുതി

ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-15 സംരംഭക ലൈസൻസ് - അപാകതകൾ

സംരംഭക ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

2021-22 ലെ ട്രേഡേഴ്സ് ലിസ്റ്റിൽ 638 പേർ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 661 പേരാണ് ഡിമാന്റ് രജിസ്റ്റർ പ്രകാരം ലൈസൻസിനായി ഫീസ് അടവാക്കിയിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട ആളുകളെക്കാൾ കൂടുതൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായാണ് കാണുന്നത്. ഇതിൽ നിന്നും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല എന്ന് മനസ്സിലാക്കാവുന്നതാണ്. ഇത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനും ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനും ഇടയാക്കുന്നു. വാണിജ്യ ആവശ്യത്തിന് നികുതി നിർണ്ണയിച്ച 2415 കെട്ടിടങ്ങളാണ് ഗ്രാമപഞ്ചായത്തിൽ ഉള്ളത് (വേക്കൻസി റെമിഷൻ 47). 2021-22 വർഷത്തിൽ 836 കെട്ടിടങ്ങളിലായി 661 ലൈസൻസുകളാണ് അനുവദിച്ചിട്ടുള്ളത്. 1532 കെട്ടിടങ്ങളിൽ നിലവിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല എന്ന് അനുമാനിക്കാവുന്നതാണ്. ഇത് ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടത്തിന് ഈടയാക്കുന്നു. ഗ്രാമപഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികളൊന്നും തന്നെ സ്വീകരിച്ചതായി കാണുന്നില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ച് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-16 അനധികൃത നിർമ്മാണങ്ങൾ-തുടർനടപടികൾ സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് 14/02/2022 ചേർന്ന ഭരണസമിതി യോഗത്തിൽ 5/1 നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിലെ അനധികൃത നിർമ്മാണം കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു. ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള 17 വാർഡുകളിൽ 2, 7, 8, 9 വാർഡുകളിൽ യഥാക്രമം 65, 33, 12, 45 എണ്ണം അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തിയതിന്റെ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. മറ്റ് വാർഡുകളുടെ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്താനുള്ള പഞ്ചായത്തിന്റെ ശ്രമങ്ങൾ പ്രശംസനീയമാണെങ്കിലും കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിക്കുന്നതിനോ ഇവയ്ക്ക് നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനോ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ബാക്കി വാർഡുകളിൽ പരിശോധന പൂർത്തിയാക്കി കണ്ടെത്തിയ അനധികൃത കെട്ടിടങ്ങളുടെ വിവരവും ഈ വിഷയത്തിൽ നടത്തിയ തുടർനടപടികളുടെ വിശദാംശങ്ങളും

ലഭ്യമാക്കേണ്ടതാണ്. വാർഡ് തലത്തിൽ കെട്ടിട പരിശോധന ശക്തമാക്കേണ്ടതിന്റെ ആവശ്യകതയാണ് മേൽ കണക്കുകൾ സൂചിപ്പിക്കുന്നത്. ആയതിനാൽ എല്ലാ വാർഡുകളിലും തുടർന്നും പരിശോധന നടത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 മതിയായ വിശകലനമില്ലാതെ ആദ്യ സിംഗിൾ ടെണ്ടർ നിരസിച്ചു - പഞ്ചായത്തിന് അധിക ചെലവിനു കാരണമായി

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ "വെള്ളിലാട്ടുമല കോളനി റോഡ് സൈഡ് കെട്ടി സംരക്ഷണം" പ്രവൃത്തിയ്ക്കായി 18.1.2022 ന് ടെണ്ടർ നടത്തിയപ്പോൾ സിംഗിൾ ടെണ്ടറാണ് ലഭിച്ചത്. മോഹനൻ. ഒ. കെ. എന്ന കരാറുകാരൻ 13.1% കുറഞ്ഞ നിരക്കാണ് ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ സിംഗിൾ ടെണ്ടറായതിനാൽ റീടെണ്ടർ ചെയ്യാമെന്ന എഞ്ചിനീയറുടെ ശുപാർശ ഭരണസമിതി അംഗീകരിച്ചു (24.1.22ലെ 4/1 തീരുമാനം). തുടർന്ന് 9.2.22 ന് റീടെണ്ടർ ചെയ്തു. ഇതിലും സിംഗിൾ ടെണ്ടർ മാത്രമാണ് ലഭിച്ചത്. ദിനേശൻ. പി. എന്നയാൾ എസ്റ്റിമേറ്റ് നിരക്കാണ് ക്വാട്ട് ചെയ്തിരുന്നത്. ഈ ടെണ്ടർ സിംഗിൾ ടെണ്ടറാണെങ്കിലും അംഗീകരിക്കാവുന്നതാണെന്ന് എഞ്ചിനീയർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 14.2.22 ലെ തീരുമാനം 14/1 പ്രകാരം ഭരണസമിതി ടെണ്ടർ അംഗീകരിക്കുകയും പ്രവൃത്തി നടപ്പിലാക്കുകയും ചെയ്തു.

സർക്കാർ ഉത്തരവ് (പി)324/2015/Fin. തിയ്യതി 30.7.2015 ൽ പൊതുമരാമത്ത് പ്രവൃത്തികൾക്കായി ലഭിക്കുന്ന സിംഗിൾ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച് വിശദീകരിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 4(b) പ്രകാരം ഇത്തരത്തിൽ സിംഗിൾ ടെണ്ടർ ലഭിച്ചാൽ ഒന്നുകിൽ റീടെണ്ടർ ചെയ്യുകയോ അല്ലെങ്കിൽ ടെണ്ടർ കാലയളവ് 15 ദിവസം കൂട്ടി നൽകി കൂടുതൽ ടെണ്ടർ ലഭ്യമാകാനുള്ള സാധ്യത ആരായാവുന്നതുമാണ്. റീടെണ്ടർ ചെയ്യാനാണ് തീരുമാനിക്കുന്നതെങ്കിൽ അതിനു മുമ്പായി ടെൻഡർ ക്ഷണിക്കുന്ന അതോറിറ്റി ആദ്യ ടെണ്ടറിൽ വേണ്ടത്ര ടെണ്ടർ ലഭിക്കാത്തതിന്റെ കാരണം (ങ്ങൾ) വിശകലനം ചെയ്യുകയും യഥാർത്ഥ ടെൻഡറിന്റെ നിബന്ധനകളിൽ ഏതെങ്കിലും നിയന്ത്രിത ക്ലോസുകൾ/വ്യവസ്ഥകൾ ഉണ്ടായിരുന്നോയെന്ന് പരിശോധിക്കേണ്ടതുമാണ്. റീടെണ്ടറിന് വേണ്ടത്ര പബ്ലിസിറ്റി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും കരാറുകാർക്ക് ഇ-മെയിൽ മുഖേനയോ എസ്.എം.എസ് മുഖേനയോ അറിയിപ്പുകൾ നൽകാവുന്നതുമാണ്. റീടെണ്ടറിലും സിംഗിൾ ടെണ്ടർ ലഭിക്കുകയാണെങ്കിൽ ആയതിൻമേൽ ഭരണസമിതി അന്തിമ തീരുമാനം എടുക്കുന്നതിനു മുമ്പ് ന്യായമായതും മതിയായതുമായ നിരക്കിന്റെ മത്സരം ഉണ്ടായിട്ടുണ്ടെന്ന ടെണ്ടറിന്റെ അടിസ്ഥാന ലക്ഷ്യം ഉറപ്പാക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ വിവരിക്കുന്നു.

എന്നാൽ ആദ്യ ഖണ്ഡികയിൽ വിവരിച്ച പ്രകാരം ആദ്യ ടെണ്ടർ 13.1% കുറവായിരുന്നിട്ടും ആയത് പരിഗണിക്കാതെ, അല്ലെങ്കിൽ ടെണ്ടർ സമയം നീട്ടി നൽകി കൂടുതൽ പങ്കാളിത്തത്തിന് ശ്രമിക്കാതെ

റീ-ടെണ്ടറിന് തീരുമാനമെടുത്തതിന്റെ കാരണം വ്യക്തമല്ല. റീ-ടെണ്ടർ നടത്തിയാൽ ഇതിലും താഴ്ന്ന ടെണ്ടർ കുറവ് ലഭിക്കുമായിരുന്നോയെന്ന വിശകലനം നടത്തിയതായി കാണുന്നില്ല. റീടെണ്ടറിൽ സിംഗിൾ ടെണ്ടറായി എസ്റ്റിമേറ്റ് നിരക്ക് ലഭിച്ചപ്പോൾ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച വിധമുള്ള നിരക്കിന്റെ/വിലയുടെ ന്യായം ഉറപ്പാക്കാതെ നിരക്ക് അംഗീകരിച്ചതെന്തുകൊണ്ടെന്നും വ്യക്തമല്ല. റീടെണ്ടർ വിവരങ്ങൾ ഭരണസമിതിയ്ക്ക് സമർപ്പിച്ചപ്പോൾ ഈ പ്രവൃത്തിയ്ക്ക് ആദ്യ ടെണ്ടറിൽ കുറവ് നിരക്ക് ലഭിച്ച കാര്യം അസി. എഞ്ചിനീയർ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. റീടെണ്ടറിൽ പരമാവധി പരസ്യം ഉറപ്പാക്കിയതെങ്ങനെയെന്നും വ്യക്തമല്ല. മുകളിൽ വിവരിച്ച പ്രകാരം ആദ്യ ടെണ്ടറിൽ താരതമ്യേന കുറഞ്ഞ ഓഫർ ലഭിച്ച സാഹചര്യത്തിൽ റീടെണ്ടർ അംഗീകരിക്കുന്നതിനുമുമ്പ് നെഗോസിയേഷൻ അടക്കമുള്ള സാധ്യത പരിശോധിക്കാതിരുന്നതെന്തെന്ന് വ്യക്തമല്ല. ആദ്യ ടെണ്ടറിനു നൽകിയതിനേക്കാൾ കൂടുതൽ പരസ്യം ഉറപ്പാക്കിയിരുന്നോയെന്ന് പരിശോധിക്കുന്നതിന് ആദ്യ ടെണ്ടറും റീടെണ്ടറും ഏതൊക്കെ ദിനപത്രങ്ങളിലാണ് പരസ്യപ്പെടുത്തിയിരുന്നെന്ന വിവരം ലഭിച്ചില്ല.

2,99,643/- രൂപ ചെലവഴിച്ച ഈ പ്രവൃത്തി ആദ്യ കരാറുകാരനെ ഏൽപ്പിച്ചിരുന്നെങ്കിൽ ഏകദേശം 34,707/- രൂപയുടെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു. ശരിയായ വിശകലനമില്ലാതെ റീടെണ്ടർ നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടി, “ടെണ്ടർ കാലാവധി നീട്ടി നൽകാമെന്ന സാധ്യത അറിയില്ലായിരുന്നെന്നും, നെഗോസിയേഷൻ നടപടി വിട്ടുപോയതാണെന്നും, പത്ര പരസ്യത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണെന്നും” ആണ്. ഈ മറുപടി അംഗീകരിക്കാവുന്നതല്ലെങ്കിലും ഭാവിയിൽ ടെണ്ടർ നടപടികളിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. പത്രം പരസ്യം സംബന്ധിച്ച വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-18 കുഴിച്ചെടുത്ത മണ്ണ് അതേ നിർമ്മാണത്തിലെ മറ്റു പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്താത്തതിനാൽ അധിക ചെലവ്

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ ചേർക്കുന്ന പദ്ധതികളിൽ നിർമ്മാണ പ്രവൃത്തിയ്ക്കായി കുഴിച്ചെടുത്ത മണ്ണ് അതേ പ്രവൃത്തിയിലെ മറ്റു നിർമ്മാണങ്ങൾക്ക് ഉപയോഗപ്പെടുത്താമായിരുന്നിട്ടും ആയത് ഉപയോഗിച്ചതായി കാണുന്നില്ല.

### അരിയോന്നുകണ്ടി കോളനി സമഗ്ര വികസനം

ഈ പദ്ധതിയിൽ (പ്രോ.നം.120/22) പുതിയ നടപ്പാത നിർമ്മാണവും സൈഡ് കെട്ടലുമാണ് പ്രധാനമായും ഉൾപ്പെട്ടിരുന്നത്. ഈ പ്രവൃത്തിയുടെ അളവു പുസ്തകം 98/21-22 പേജ് 4 പ്രകാരം 64.77$m^3$ മണ്ണ് കരിങ്കൽ സൈഡ് കെട്ടിനായി എടുത്തുമാറ്റിയിട്ടുണ്ട്. പേജ് 28 ലെ അളവു പ്രകാരം ഫുട്പാത്ത് നിർമ്മാണത്തിനായി 30.75$m^3$ അളവിൽ കോൺട്രാക്ടറുടെ മണ്ണുപയോഗിച്ച് ഫില്ലിംഗ് പ്രവൃത്തി നടന്നു.

64.77m3 കുഴിച്ചെടുത്ത മണ്ണ് ലഭ്യമായിരിക്കെ ഈ മണ്ണുപയോഗിക്കാതെ കോൺട്രാക്ടറുടെ മണ്ണ് ഉപയോഗിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. 18.11.22ന് അസി. എഞ്ചിനീയറുടെ സാന്നിധ്യത്തിൽ ഈ സൈറ്റ് നേരിൽ സന്ദർശിച്ചതിൽ ഉറപ്പുള്ള മണ്ണുള്ള പ്രദേശമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണ് സൈറ്റിലെവിടെയും സ്റ്റാക്ക് ചെയ്തിട്ടില്ലാത്തതിനാലും അളവു പുസ്തകത്തിൽ ഈ മണ്ണ് ഉപയോഗക്ഷമമല്ലെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തിനാലും ഈ മണ്ണ് ഫുട്പാത്ത് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് അനുമാനിക്കുന്നു.

കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗ് പ്രവൃത്തിയ്ക്ക് ഉപയോഗപ്പെടുത്തിയ സാഹചര്യത്തിലും ഫില്ലിംഗിനായി മണ്ണിന്റെ വില കൂടി ഉൾപ്പെട്ട നിരക്ക് നൽകാനുണ്ടായ കാരണം വ്യക്തമല്ല.

സെന്റർ നം.39 കുനഞ്ചെരിമുക്ക് അങ്കണവാടി കെട്ടിടനിർമ്മാണം

ഈ നിർമ്മാണത്തിൽ അങ്കണവാടിയുടെ അടിത്തറ നിർമ്മാണത്തിനായി 5.6x13.5x1=75.6 $M^3$ അളവിൽ മണ്ണെടുത്ത് (E1) മാറ്റിയിട്ടുണ്ട്. തുടർന്ന് അടിത്തറ നിർമ്മാണവും, തറ നിർമ്മാണവും പൂർത്തീകരിച്ച് ഈ ഭാഗങ്ങളിൽ മണ്ണ് ഫിൽ ചെയ്യുന്നതിനായി പ്രൈസിലെ ഐറ്റം 50.2.25.1 പ്രകാരം ആകെ 64.34$m^3$ ഫില്ലിംഗ് പ്രവൃത്തി നടന്നിട്ടുണ്ട്. 75.6 $M^3$ അളവിൽ എസ്കവേറ്റഡ് മണ്ണ് ലഭ്യമായിരിക്കെ മേൽ ഐറ്റം പ്രകാരം കോൺട്രാക്ടറുടെ മണ്ണ് ഉപയോഗപ്പെടുത്തി ഫില്ലിംഗ് നടത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

രാരോത്ത് താഴെ കണ്ണിപൊയിൽ റോഡ്

ഈ റോഡിന്റെ നിർമ്മാണ സ്ഥലത്ത് റോഡ് സൈഡ് കരിങ്കല്ല് കെട്ടുന്നതിനായി ട്രഞ്ച് നിർമ്മിക്കുന്നതിന് 32.88$m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ പുതിയ റോഡ് നിർമ്മാണത്തിന്റെ സബ്ഗ്രേഡ് നിർമ്മാണത്തിന് ഈ മണ്ണ് ഉപയോഗപ്പെടുത്തിയിട്ടില്ല. ലഭ്യമായ മണ്ണ് ഉപയോഗപ്പെടുത്താതെ പൂർണ്ണമായും കോൺട്രാക്ടറുടെ മണ്ണിനെ ആശ്രയിച്ചതിന്റെ കാരണം വ്യക്തമല്ല.

മേൽ പ്രവൃത്തികളിൽ കോൺട്രാക്ടറുടെ മണ്ണ് ഉപയോഗപ്പെടുത്തിയതിനാൽ/കുഴിച്ചെടുത്ത മണ്ണ് ഉപയോഗപ്പെടുത്തിയിട്ടും കോൺട്രാക്ടർക്ക് മണ്ണിന്റെ വില കൂടി നൽകിയതിനാൽ താഴെ ചേർക്കും പ്രകാരം അധിക ചെലവ് പഞ്ചായത്ത് ഫണ്ടിനുണ്ടായി.

| ക്രമ നം. | പ്രോജക്ട് | അനുവദിച്ച തുക | എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഇനങ്ങളിൽ മണ്ണിന്റെ വില | അനുവദിക്കാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | അരിയോന്നുകണ്ടി കോളനി സമഗ്രവികസനം | 30.75 X 297.37 = 9144.13 | 169.71 | (297.37-169.71) X30.75= 3925.55 | 5219 |
| 2 | സെന്റർ നം.39 ക്ലനഞ്ചെരിമുക്ക് അങ്കണവാടി കെട്ടിടനിർമ്മാണം | 64.34x407.92 =26245.57 | 159.71 | (407.92-159.71)x 64.34=15969.83 | 10275.74 |
| 3 | രാരോത്ത് താഴെ കണ്ണിപൊയിൽ റോഡ് | 32.88 X 300*= 9864 | 169.71 | 32.88 X 190.24** =6255 | 3609 |
| ആകെ | | | | | 19103.74 |

*എസ്റ്റിമേറ്റ് നിരക്ക് 463.83/-ആയിരുന്നു. കരാറുകാരൻ 35.32% കുറവ് നിരക്ക് 300/- രൂപയാണ് ക്വാട്ട് ചെയ്തത്.

**463.83-169.71=294.12/- രൂപയുടെ 35.32% കുറവ്

മേൽ വിവരിച്ച പ്രകാരം മണ്ണ് ലഭ്യമായിരിക്കെ ആയത് ഉപയോഗപ്പെടുത്താതിരുന്നതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി നൽകിയത്, "ആദ്യ പദ്ധതിയിൽ കുഴിച്ചെടുത്ത മണ്ണ് 1.5 മുതൽ 2 മീറ്റർ വരെ ഉയരമുള്ള കരിങ്കൽകെട്ടിന്റെ സൈഡ് ഫിൽ ചെയ്യാൻ ഉപയോഗിച്ചിരുന്നെന്നും, മറ്റു രണ്ട പദ്ധതിയിലെ കുഴിച്ചെടുത്ത മണ്ണ് ചെളിയായിരുന്നതിനാൽ ഫില്ലിംഗിന് ഉപയോഗപ്രദമായിരുന്നില്ലെന്നും, ആയതിനാലാണ് ഫുട്ടപാത്ത് നിർമ്മാണത്തിന് കരാറുകാരന്റെ മണ്ണ് ഉപയോഗപ്പെടുത്തിയത്. ഈ വിവരം അളവു പുസ്തകത്തിൽ രേഖപ്പെടുത്താൻ വിട്ടു പോയതാണ്" എന്നുമാണ്. മുകളിൽ വിവരിച്ച വിധം മണ്ണിന്റെ ഉപയോഗം നടന്നിട്ടുണ്ടെങ്കിൽ/മണ്ണ് ഉപയോഗക്ഷമമല്ലായിരുന്നെങ്കിൽ ആയത് കൃത്യമായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതായിരുന്നു. വർഷങ്ങളുടെ പ്രവൃത്തി പരിചയമുള്ള നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും ഇത്തരത്തിൽ നിരുത്തരവാദിത്വപരമായ വീഴ്ചകളുണ്ടാകുന്നത് അംഗീകരിക്കാവുന്നതല്ല. പ്രവൃത്തികളുടെ നിർവ്വഹണഘട്ടത്തിൽ പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയാണ്. പ്രവൃത്തി വിശദാംശങ്ങൾ കൃത്യതയോടെ, സുതാര്യമായ വിധം അളവു പുസ്തകങ്ങളിൽ രേഖപ്പെടുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-19 കോൺക്രീറ്റ് പേവിംഗ് - ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികളിലും ഫോം വർക്കിന് തുക ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്

2021-22 വർഷം അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ റോഡ്/ഫുട്ട്പാത്ത് നിർമ്മാണങ്ങളിൽ കോൺക്രീറ്റ് നടത്തിയപ്പോൾ ഫോം വർക്ക് ആവശ്യമില്ലാതിരുന്ന/ഫോം വർക്ക് ചെയ്തിട്ടില്ലാത്ത സാഹചര്യത്തിലും 4% തുക ഫോം വർക്കിനായി ഉൾപ്പെടുത്തുകയും കരാറുകാർക്ക് അനുവദിക്കുകയും ചെയ്തിരിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് പേര്/നമ്പർ | ഉൾപ്പെടുത്തിയ ഇനം | ചെയ്ത അളവ്/നൽകിയ തുക | ഫോം വർക്ക് തുക ഒഴിവാക്കി നൽകാവുന്ന തുക | 4% അധിക തുക |
|---|---|---|---|---|---|
| 1 | കോതങ്ങൽ കുറുവാളൂർ കോൺക്രീറ്റ് റോഡ്, 236/22 | 75.8.1 ഐറിഷ് ഡ്രൈൻ, റോഡ് കോൺക്രീറ്റ് | 47.15x7582.91 = 357534.21 | 47.15x7291.26 =343782.91 | 13751.3 |
| 2 | കുറുപ്പംക്കണ്ടി കുറ്റിയിൽമുക്ക് റോഡ് റീ-ടാറിംഗ്, 77/22 | 75.8.1 ഐറിഷ് ഡ്രൈൻ | 10.598x8000 =84784 | 10.598x7692.3 = 81523 | 3261 |
| 3 | പടിക്കൽതാഴെ കുറുപ്പംകണ്ടി താഴെ റോഡ് റീ-ടാറിംഗ്, 40/22 | 75.8.1 ഐറിഷ് ഡ്രൈൻ | 9.63x7800 =75114 | 9.63x7500 = 72225 | 2889 |
| 4 | തോരായി അങ്ങാടി തെളക്കാട്ടുപൊയിൽ ഫുട്ട്പാത്ത്, 93/22 | 75.8.1 റോഡ് കോൺക്രീറ്റ് | 19.985x8358.28 = 167040.23 | 19.985x8036.81 = 160615.65 | 6424.58 |
| 5 | ചിറ്റാരിക്കൽ എടക്കോത്ത് റോഡ്, 151/22 | 11.4.3.1 റോഡ് കോൺക്രീറ്റ് | 23.35x7549.93 = 176290.87 | 23.35x7259.55 = 169510.49 | 6780.38 |
| ആകെ | | | | | 33,106.26 |

മേൽ റോഡ് പ്രവൃത്തികൾ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സൈറ്റ് പരിശോധനയിൽ

(അസി.എഞ്ചിനീയറുടെ സാന്നിധ്യത്തിൽ) സന്ദർശിക്കുകയുണ്ടായി. പരിശോധനയിൽ ഈ പ്രവൃത്തികളിലൊന്നും കോൺക്രീറ്റിനായി (റോഡ് കോൺക്രീറ്റ്/ഐറിഷ്ഡ്രൈൻ) ഫോംവർക്ക് ചെയ്യേണ്ടി വന്നിട്ടില്ല എന്നു ബോധ്യപ്പെട്ടു. റോഡുകൾ ലഭ്യമായ മുഴുവൻ വീതിയിലും കോൺക്രീറ്റ് ചെയ്യുകയും, ഐറിഷ് ഡ്രൈൻ നിർമ്മിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഈ സാഹചര്യത്തിലും ഫോംവർക്കിനായി 4% വരുന്ന തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

മുകളിൽ വിവരിച്ച പ്രകാരം ആവശ്യകതയില്ലാത്തിടത്തും ഫോം വർക്കിനുള്ള തുക കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കി നിർവ്വഹണം നടത്തിയതിനാൽ പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടാകുന്നുണ്ട് അഥവാ കരാറുകാർക്ക് അമിത ലാഭം കിട്ടുന്ന അവസ്ഥയുണ്ടാകുന്നുണ്ട്. മേൽ അപാകത വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടി, " മോർഡ് സ്പെസിഫിക്കേഷനിൽ ഈയിനങ്ങൾ ഫോംവർക്ക് കൂടി ഉൾപ്പെട്ടവയാണെന്നും, ഫോംവർക്ക് ആവശ്യമില്ലാത്തയിടങ്ങളിൽ, സ്പെസിഫിക്കേഷനിൽ മാറ്റം വരുത്താതെ ഫോം വർക്ക് മാത്രം കുറവുചെയ്യാൻ സാധിക്കാത്തതിനാലാണ് ഇപ്രകാരം ചെയ്യുന്നത്"എന്നാണ്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ഓഡിറ്റ് വർഷത്തിൽ തന്നെ ചെയ്ത പ്രവൃത്തികളായ "കൊളങ്ങരകണ്ടി റോഡ്", "എടത്തിൽതാഴെ പുല്ലില്ലാമല റോഡ് റീ-ടാറിംഗ് " എന്നീ പ്രവൃത്തികളിൽ 75.8.1 എന്നയിനത്തിന്റെ ഫോം വർക്ക് ഒഴിവാക്കി ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഫോംവർക്ക് ഒഴിവാക്കാൻ സാധ്യമാണെന്നിരിക്കെ തെറ്റിദ്ധരിപ്പിക്കുന്ന മറുപടി ഓഡിറ്റിന് നൽകിയത് തെറ്റായ പ്രവണതയാണ്.

മുകളിൽ വിവരിച്ച പ്രകാരമുള്ള അധിക ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുക തിരികെ ഈടാക്കേണ്ടതാണ്. ഓഡിറ്റിൽ പരിശോധന വിധേയമാക്കിയ മേൽ റോഡുകൾക്കു പുറമേ കൂടുതൽ പ്രവൃത്തികളിൽ ഈ അപാകത സംഭവിച്ചിരിക്കാൻ സാധ്യതയുണ്ട്. ഇത് പരിശോധിക്കേണ്ടതും അധിക തുക നൽകിയിട്ടുണ്ടെങ്കിൽ തുക ഈടാക്കേണ്ടതുമാണ്. ഭാവിയിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ഈ വിഷയത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. അധികം നൽകിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 അളവു പുസ്തകങ്ങളുടെ ഉപയോഗത്തിൽ സുതാര്യതയില്ല

പഞ്ചായത്തിലെ വിവിധ വിഭാഗങ്ങളുടെ ഉപയോഗത്തിനായി ഗ്രാമലക്ഷ്മിയിൽ നിന്നും ലഭ്യമാക്കുന്ന അളവു പുസ്തകങ്ങൾ പൊതുവായ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഇതിൽ നിന്നും പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം, തൊഴിലുറപ്പ് പദ്ധതി വിഭാഗം എന്നിവയ്ക്കായി ഇഷ്യൂ ചെയ്യുന്നു. പഞ്ചായത്തിൽ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ 25, 50, 100 എന്നീ വിധം പേജുകളിലുള്ള അളവു പുസ്തകങ്ങളുടെ സ്റ്റോക്ക് പരിശോധിച്ചതിൽ സുതാര്യതയില്ല. സ്റ്റോക്ക് രജിസ്റ്റർ പേജ് 76 ൽ 50

പേജുള്ള എം ബുക്കിന്റെ സ്റ്റോക്ക് 10.11.21 ന് പൂജ്യമായിരിക്കെ തൊഴിലുറപ്പ് വിഭാഗത്തിന് 10 ബുക്കുകൾ ഇഷ്യൂ ചെയ്തതായി കാണിച്ചിരിക്കുന്നു. പേജ് 81 പ്രകാരം 100 പേജ് എം ബുക്ക് 80 എണ്ണവും, പേജ് 26 പ്രകാരം 25 പേജുള്ള അളവു പുസ്തകം 16 എണ്ണവും ബാക്കിയുണ്ട്. എന്നാൽ അളവു പുസ്തകങ്ങൾ നേരിൽ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

മേൽ വിഭാഗങ്ങളിലേയ്ക്ക് നൽകുന്ന അളവു പുസ്തകങ്ങൾ പ്രത്യേകം സ്റ്റോക്കിലെടുക്കാതെയാണ് ഉപയോഗിച്ചു വരുന്നത്. അതുകൊണ്ടു തന്നെ ഈ വിഭാഗങ്ങളിൽ ഏതൊക്കെ പ്രവൃത്തിയ്ക്ക് എത്ര വീതം/ എത്ര പേജുള്ള എം ബുക്ക് ഉപയോഗപ്പെടുത്തിയെന്നോ, ബാക്കി എത്ര പുസ്തകങ്ങളാണ് ഉള്ളതെന്നോ സംബന്ധിച്ച വിവരങ്ങൾ വ്യക്തമല്ല. അളവു പുസ്തകത്തിന്റെ ഉപയോഗത്തിന് കൃത്യമായി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഭാവിയിൽ ശ്രദ്ധിക്കുമെന്ന മറുപടി അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി. അറിയിച്ചിട്ടുണ്ട്. പ്രൈസ് സോഫ്റ്റ്‌വെയറിൽ ഇ-എം ബുക്ക് എന്ന സാധ്യത കൂടി വരുന്നതിനാൽ ഭാവിയിൽ ഈ വിഷയം ഉണ്ടാകില്ലെന്നും വിശദീകരിച്ചു. എന്നിരുന്നാലും പ്രൈസ് സോഫ്റ്റ്‌വെയർ ബാധകമല്ലാത്ത തൊഴിലുറപ്പ് വിഭാഗത്തിൽ ഈ പ്രശ്നം ഭാവിയിലും തുടരാൻ സാധ്യത നിലനിൽക്കുന്നു. ഈ വിഷയത്തിലെടുത്ത നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-21 ഒരേ തരം/സ്വഭാവത്തിലുള്ള പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ വ്യത്യസ്ത ഐറ്റം ഉൾപ്പെടുത്തുന്നു

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ റോഡ് നിർമ്മാണവും അനുബന്ധ പ്രവൃത്തികളും പരിശോധിച്ചതിൽ ഒരേ തരം/ഒരേ സ്വഭാവത്തിലുള്ള പ്രവൃത്തികൾക്ക് പ്രൈസിലെ വ്യത്യസ്ത ഐറ്റം/ഒബ്സേർവ്ഡ് ഡാറ്റ തെരഞ്ഞെടുക്കുന്നതായി/ തയ്യാറാക്കുന്നതായി കാണുന്നു.

രാരോത്ത് താഴെ കണ്ണിപ്പൊയിൽ റോഡ്

നിലവിൽ മണ്ണ് റോഡായിട്ടുള്ള ഈ റോഡിന്റെ സൈഡ് കെട്ടുന്നതിനും, കൾവെർട്ടിനായി RCC Non Pressure Pipe സ്ഥാപിക്കുന്നതിനുമായി മണ്ണെടുക്കുന്ന പ്രവൃത്തിയ്ക്കായി രണ്ടു വ്യത്യസ്ത ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. NP പൈപ്പ് സ്ഥാപിക്കുന്നതിനായി ഒബ്സേർവ്ഡ് ഡാറ്റയും (ഹൈഡ്രോളിക് എസ്കവേറ്റർ ഉപയോഗിക്കുന്ന വിധം, നിരക്ക് 311.31/-രു), റോഡ് സൈഡ് കെട്ടിനായി ഐറ്റം 3.5.1 ഉം (നിരക്ക് 360.73/-രു) ആണ് ഉൾപ്പെടുത്തിയത്. അളവു പുസ്തകം പരിശോധിച്ചാൽ ഈ രണ്ടു പ്രവൃത്തികളും ഏകദേശം ഒരേ വീതിയിലുള്ള ട്രഞ്ചുകൾ കുഴിക്കുന്നതിനാണെന്ന് കാണാം.

| നിർമ്മാണം | അളവ് |
|---|---|
| പൈപ്പ് കൾവർട്ട് | 4 X 0.75x0.75 |
| സൈഡ് വാൾ | 2 X 68.5 X 0.80x0.30 |

ഈ വിധം ഒരേ സ്വഭാവത്തിലുള്ള പ്രവൃത്തിയ്ക്ക് വ്യത്യസ്ത ഐറ്റം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

പുതിയോട്ടിൽതാഴെ റോഡ് സൈഡ് കെട്ട്/ഡ്രൈനേജ് റിപ്പയർ

ഈ പ്രവൃത്തിയിൽ റോഡിനോട് ചേർന്നുള്ള ഡ്രൈനിന്റെ സൈഡ് വാൾ നിർമ്മാണത്തിനായി മണ്ണെടുക്കുന്ന പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് ഐറ്റം 11.1.1.1 ആണ്. താരതമേന്യ ഉയർന്ന നിരക്കുള്ള (769.56/m3) ഈ ഐറ്റത്തിന്റെ വിവരണം പരിശോധിച്ചാൽ Construction Of Shoring And Bracing, Removal Of Stumps And Other Deleterious Material And Back Filling In Trench എന്നീ പ്രവൃത്തികളെല്ലാം ഉൾപ്പെടുന്ന ഐറ്റമാണിതെന്ന് കാണാം. കേവലം 30cm ആഴത്തിൽ നടത്തിയ സാധാരണ മണ്ണ് പ്രവൃത്തിയ്ക്ക് ഈ ഐറ്റം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

മുകളിൽ വിവരിച്ച രീതിയിൽ ഒരേ തരം പ്രവൃത്തികൾക്ക് വ്യത്യസ്ത ഐറ്റം ഉൾപ്പെടുത്തുന്ന സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ വിവരിക്കുന്നത്, "ആദ്യ പ്രവൃത്തിയിൽ പൈപ്പിടുന്നതിനുള്ള ട്രഞ്ച് നിർമ്മാണമായതിനാൽ മെക്കാനിക്കൽ ആയി ചെയ്യാനാണ് ആ ഐറ്റം ഉൾപ്പെടുത്തിയത്. 3.5.1 എന്നത് മോർഡ് സ്പെസിഫിക്കേഷനിൽ മണ്ണ് പ്രവൃത്തിക്കായി ഉൾപ്പെടുത്തുന്നയിനമാണ്. ജോലിഭാരത്തിനിടയിൽ രണ്ടാമത്തെ പദ്ധതിയിൽ ഉൾപ്പെട്ട ഐറ്റത്തിന്റെ ഉയർന്ന നിരക്ക് ശ്രദ്ധയിൽപ്പെടാതെ പോയതാണ്" എന്നുമാണ്.

ഈ മറുപടികൾ അംഗീകരിക്കാവുന്നതല്ല. ആദ്യ പ്രവൃത്തിയിൽ സൈഡ് കെട്ടുന്നതിനും ട്രഞ്ച് നിർമ്മാണം തന്നെയാണ് നടന്നിട്ടുള്ളതെന്ന് മേൽ പട്ടികയിലെ അളവുകളിൽ നിന്നും വ്യക്തമാണ്. പൈപ്പിടുന്ന ട്രഞ്ച് നിർമ്മാണത്തിന് മെക്കാനിക്കൽ എസ്കവേറ്റർ ഉപയോഗപ്പെടുത്താമായിരുന്നെങ്കിൽ സൈഡ് നിർമ്മാണത്തിനും ഇതേ ഐറ്റം ഉപയോഗപ്പെടുത്താമായിരുന്നു. എങ്കിൽ പഞ്ചായത്ത് ഫണ്ടിന് അധികചെലവുണ്ടാകുമായിരുന്നില്ല. ജോലിഭാഗത്തിനിടയിൽ സംഭവിച്ച പിഴവെന്നത് ന്യായീകരിക്കത്തതല്ല. എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ സാമ്പത്തിക മിതവ്യയം ഉറപ്പാക്കേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ ഉത്തരവാദിത്വമാണ്. മേൽ ഉദാഹരണങ്ങളിൽ നിന്നും 311.31/- രൂപയ്ക്ക് ചെയ്യാമായിരുന്ന പ്രവൃത്തിയ്ക്ക് 769.56/- രൂപ നിരക്ക് വരെ അനുവദിച്ചതായി മനസ്സിലാക്കാം. എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ സാമ്പത്തിക മിതവ്യയം ഉറപ്പാക്കേണ്ടതും, ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

1-22 പ്രവൃത്തിയുടെ സ്വഭാവം മുഴുവനായി മാറ്റിയപ്പോഴും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യാതെ പ്രവൃത്തി നടത്തി

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 151/22 ചിറ്റാരിക്കൽ എടക്കൊത്ത്

റോഡ് നവീകരണം പ്രവൃത്തിയിൽ 90 മീറ്റർ റോഡിന്റെ ടാറിംഗ് പ്രവൃത്തിയാണ് വിഭാവനം ചെയ്തിരുന്നത്. രണ്ടു ലക്ഷം രൂപ അടങ്കലിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് സാങ്കേതികാനുമതിയ്ക്ക് ശേഷം ടെണ്ടർ ചെയ്യുകയും എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത സുഗുണൻ. പി. എന്ന കരാറുകാരനെ ഏൽപ്പിക്കുകയും ചെയ്തു (കരാർ നം.13/20-21/4.8.20). എന്നാൽ രണ്ടു മാസത്തിനു ശേഷം (27.10.20 ന്) ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കാൻ ഭരണസമിതി അംഗീകാരം നൽകുകയും ഇതിന്റെയടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിവരിച്ചിരിക്കുന്നത് "പ്രവൃത്തി ആരംഭിക്കുന്നതിനായി കരാറുകാരനുമൊത്ത് സൈറ്റ് പരിശോധിച്ചപ്പോൾ മഴവെള്ളം കുത്തിയൊലിക്കുന്നതും, ഉറവയെടുക്കുന്നതുമായ സ്ഥലമാണെന്ന് വ്യക്തമായെന്നും ആയതിനാൽ ടാറിംഗ് ഒഴിവാക്കി കോൺക്രീറ്റ് ചെയ്യുന്നതാണ് അഭികാമ്യം" എന്നും രേഖപ്പെടുത്തിയിരിക്കുന്നു. എസ്റ്റിമേറ്റ് പുതുക്കി റോഡ് കോൺക്രീറ്റ് ചെയ്തു.

2012 ലെ കേരള പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 1601.1.4 പ്രകാരം ഒരു പ്രവൃത്തിക്കായി സാങ്കേതികാനുമതി ലഭിച്ച ശേഷം പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി പ്രവൃത്തിയിൽ മാറ്റങ്ങൾ ആവശ്യമാണെന്ന് ബോധ്യപ്പെട്ടാൽ ആദ്യ എസ്റ്റിമേറ്റ് റദ്ദ് ചെയ്ത് പുതിയ എസ്റ്റിമേറ്റ് (റീകാസ്റ്റ് എസ്റ്റിമേറ്റ്) തയ്യാറാക്കേണ്ടതും, ഈ എസ്റ്റിമേറ്റ് ആദ്യ എസ്റ്റിമേറ്റ് പോലെ കണക്കാക്കേണ്ടതുമാണ്. മേൽ പദ്ധതിയിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പേ മാറ്റങ്ങൾ മനസ്സിലാക്കിയിട്ടും/ആദ്യ എസ്റ്റിമേറ്റിലെ മുഴുവൻ ഇനങ്ങളും ഒഴിവാക്കിയപ്പോഴും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യാതെ പുതുക്കി നടപ്പാക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. ആയത് വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടി “പ്രവൃത്തിയ്ക്കായി കരാർ വച്ച ശേഷം നിർവ്വഹണ സമയത്ത് മാറ്റം അനിവാര്യമാണെന്ന് മനസ്സിലായതിനാലാണ് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യാൻ സാധിക്കാതിരുന്നതെന്നാണ്”. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുമ്പ് എഞ്ചിനീയർ/ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സ്ഥലം നേരിൽ പരിശോധിച്ചിരുന്നില്ലെന്ന് മേൽ മറുപടിയിൽ നിന്നും വ്യക്തമാണ്. പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പേ പ്രവത്തിയിൽ മുഴുവനായി മാറ്റം വേണമെന്ന് മനസ്സിലാക്കിയപ്പോഴും കരാർ റദ്ദ് ചെയ്ത് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യാനുള്ള സാധ്യത പരിശോധിക്കപ്പെട്ടിട്ടില്ല. അതുകൊണ്ടുതന്നെ മേൽ മറുപടി സ്വീകാര്യമല്ല.

പി.ഡബ്ല്യു.ഡി. മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും, പ്രവൃത്തി ആരംഭത്തിനു മുമ്പേ മാറ്റങ്ങൾ മനസ്സിലാക്കിയിട്ടും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് സാങ്കേതികാനുതി ലഭ്യമാക്കാതെ പ്രവൃത്തി നിർവ്വഹണം നടത്തിയതും സാങ്കേതിക വിഭാഗത്തിന്റെ വീഴ്ചയായി വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതും, ഇത്തരം സന്ദർഭങ്ങളിൽ ചെയ്യാവുന്ന നടപടികൾ സംബന്ധിച്ച് കൂടുതൽ വ്യക്ത വരുത്തേണ്ടതുമാണ്.

വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-23 സ്പിൽ ഓവർ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ആകെ 116 പ്രോജക്ടുകളാണ് അസി.എഞ്ചിനീയർക്ക് നിർവ്വഹണത്തിനുണ്ടായിരുന്നത്. ഇതിൽ 48 എണ്ണം മുൻവർഷത്തിൽ നിന്നുള്ള സ്പിൽ ഓവർ പദ്ധതികളാണ്. ഈ പദ്ധതികളിൽ 10 എണ്ണത്തിന് തൻവർഷവും ചെലവുണ്ടായില്ല. ചെലവില്ലാത്ത പദ്ധതികളുടെ വിശദാംശം ചുവടെ കൊടുക്കുന്നു,

| ക്രമനം | പ്രോജക്ട് പേര്/നമ്പർ |
|---|---|
| 1 | പുളിയുള്ളതിൽ ഫുട്പാത്ത്, 153/22 |
| 2 | പൂക്കോട് പിലാത്തോട്ടത്തിൽ കുടിവെള്ള പദ്ധതി, 156/22 |
| 3 | ജി.എം.യു.പി.എസ് – അറ്റകുറ്റപണി, 162/22 |
| 4 | നടുത്തലക്കൽതാഴെ വെൺമിനിമീത്തൽ ഫുട്പാത്ത്, 177/22 |
| 5 | ഞെരെക്കൊത്ത്താഴെ നാലകത്ത് താഴെ ഫുട്പാത്ത്, 178/22 |
| 6 | തോട്ടത്തിൽതാഴെ കനാൽ റോഡ്, 181/22 |
| 7 | ഹോമിയോ ഡിസ്പെൻസറി ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ, 185/22 |
| 8 | മൊടക്കല്ലൂർ എ.യു.പി.എസ് – ടോയ്ലെറ്റ്, 188/22 |
| 9 | കോമത്ത് മീത്തൽ കുടിവെള്ള പദ്ധതി വിപുലീകരണം, 191/22 |
| 10 | ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം, 192/22 |

മേൽ പദ്ധതികളിൽ ക്രമ നമ്പർ 8 ലെ മൊടക്കല്ലൂർ എ.യു.പി.എസ്. ടോയ് ലെറ്റ് പദ്ധതിയൊഴികെ ബാക്കിയുള്ളവ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. മേൽ പദ്ധതി ഒഴിവാക്കിയതിന്റെ കാരണം വ്യക്തമല്ല. ഐ.കെ.എം. ചെലവു പത്രിക പ്രകാരം ഓഡിറ്റ് കാലയളവ് വരെ (11.11.22) ആകെ രണ്ടു പദ്ധതികൾക്കേ ചെലവുണ്ടായിട്ടുള്ളൂ (പ്രോജക്ട് നം.177/22, 178/22). മറ്റു പദ്ധതികളെല്ലാം നിലവിലും നടപ്പിലാക്കാതെ തുടരുന്നു. മൊടക്കല്ലൂർ എ.യു.പി.എസ്. ടോയ് ലെറ്റ് പദ്ധതി വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കാനുണ്ടായ കാരണവും, മറ്റു പദ്ധതികൾ നിലവിലും നിർവ്വഹണം

നടത്താതിരിക്കുന്നതിന്റെ കാരണവും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിലവിൽ മിക്ക പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട് എന്ന മറുപടി ലഭിച്ചു. ക്രമനമ്പർ 8 ലെ പ്രവൃത്തി KPBR പ്രകാരമുള്ള സ്ഥലലഭ്യതയില്ലാത്തിനാൽ ഒഴിവാക്കിയതാണെന്നും മറുപടിയിൽ വിശദീകരിക്കുന്നു.

തൻവർഷ പദ്ധതി ചെലവു പരിശോധിച്ചാൽ ആകെ ചെലവിന്റെ 40% ചെലവഴിച്ചത് സ്പിൽ ഓവർ പദ്ധതികൾക്കാണെന്ന് കാണാം. റോഡിന്റെ സംരക്ഷണ പ്രവൃത്തിയ്ക്കായി ലഭിച്ച റോഡ് സംരക്ഷണ ഗ്രാന്റിന്റെ 49% ചെലവും മുൻവർഷ പദ്ധതികൾക്കാണ്. ഈ വിധം പദ്ധതി നിർവ്വഹണത്തിലെ കാലതാമസം തൻവർഷ പദ്ധതികൾക്കായുള്ള ഫണ്ടിന്റെ അപര്യാപ്തതയ്ക്ക് കാരണമാവുകയും, തൻവർഷ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ഫണ്ടുകൾ അതതുവർഷം ഉപയോഗപ്പെടുത്താനാവും വിധം പദ്ധതികളുടെ നിർവ്വഹണം നടപ്പാക്കേണ്ടതും, തൻവർഷ ഫണ്ട് നഷ്ടപ്പെടുത്തുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

1-24 അത്തോളി കുടുംബാരോഗ്യ കേന്ദ്രം - ഉപകരണങ്ങൾ വാങ്ങൽ - സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ചു.

പ്രോജക്ട് നം-49/21-22 – ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ

നിർവ്വഹണം-മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം അത്തോളി

അടങ്കൽ-120000/- (മെയിന്റനൻസ് -നോൺറോഡ്)

ചെലവ്-119700/-(ബിൽ നം-03/21-22 തിയ്യതി-22.07.2021 തുക-45700/-

ബിൽ നം-24/21-22 തിയ്യതി-19.11.2021 തുക-45000/-

ബിൽ നം-36/21-22 തിയ്യതി-09.03.2022 തുക-29000/-)

മേൽ പ്രോജക്ട് അത്തോളി കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് 2 കംപ്യൂട്ടറുകൾ (ലാപ്ടോപ്പ് - 1, ഡെസ്ക്ക് ടോപ്പ് + വെബ്ക്യാമറ-1), 1 - ഇൻവെർട്ടർ എന്നിവ 119700/- രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. ആയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ഡെസ്ക്ക്ടോപ്പ് വാങ്ങിയിരിക്കുന്നത് 45,700/- രൂപ ചെലവഴിച്ച് (1 Nos) നിർവ്വാണ കംപ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ വഴിയാണ്. 3 സ്ഥാപനങ്ങളാണ് ക്വട്ടേഷനിൽ പങ്കെടുത്തിരിക്കുന്നത്. എന്നാൽ ക്വട്ടേഷൻ നോട്ടീസ് പരിശോധിച്ചതിൽ ക്വട്ടേഷൻ സമർപ്പിച്ച 3 സ്ഥാപനങ്ങളും ഒന്ന് തന്നെയാണെന്ന് മനസ്സിലാക്കാവുന്നതാണ് (ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ ഉൾപ്പെടെ). ഒരു ഡീലർ തന്നെ 2 വ്യാജ ക്വട്ടേഷനുകൾ നിർമ്മിച്ച് ടെൻഡറിൽ പങ്കെടുക്കുകയാണുണ്ടായത്.

(2) മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി 45,000/- രൂപ ചെലവഴിച്ച് (ബിൽ നം-24/21-22) കോവിഡ് വാക്സിനേഷൻ സെന്ററിലേക്ക് ലാപ്ടോപ്പ് വാങ്ങിയിട്ടുണ്ട്. 3 സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ

ക്ഷണിച്ചാണ് ലാപ്ടോപ്പ് വാങ്ങിയിരിക്കുന്നത്.

ജി.ഒ(പി)നം-10/2019/എസ്.പി.ഡി തിയ്യതി-22.08.2019 പ്രകാരം സർക്കാർ വകുപ്പുകളും പൊതുമേഖല സ്ഥാപനങ്ങളും മറ്റ് സ്ഥാപനങ്ങളും കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ മുഖേന വാങ്ങേണ്ടതാണെന്ന നിബന്ധന ഉൾപ്പെടുത്തി സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.52 ൽ കൂട്ടിച്ചേർത്തിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായാണ് മേൽ പ്രോജക്ടുകൾ മുഖേന കംപ്യൂട്ടറുകൾ വാങ്ങിയിരിക്കുന്നത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

(3) കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് 29,000/- രൂപ ചെലവഴിച്ച് ഇൻവെർട്ടർ ഫിറ്റ് ചെയ്തിട്ടുണ്ട്. 31.12.2021 ന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 3 പേർ ക്വട്ടേഷനുകൾ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചു. ക്വട്ടേഷൻ നോട്ടീസിലെ നിബന്ധന പ്രകാരം അംഗീകൃത വിതരണക്കാരിൽ നിന്നുമാണ് ക്വട്ടേഷൻ ക്ഷണിച്ചിരിക്കുന്നത്. എന്നാൽ ക്വട്ടേഷൻ സമർപ്പിച്ച വ്യക്തികളൊന്നും തന്നെ അംഗീകൃത വിതരണക്കാരല്ല.

4) ഈ പദ്ധതിയിൽ ടെണ്ടർ നടപടികൾ ഒഴിവാക്കുന്നതിനായി വാങ്ങലിനെ ചെറിയ യൂണിറ്റുകളാക്കി ക്വട്ടേഷൻ വഴി പദ്ധതി നടപ്പിലാക്കിയത് സ്റ്റോർ പർച്ചേസ് ചട്ടങ്ങളുടെ ലംഘനമാണ്.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം-15/21-22 തിയ്യതി-18.11.2022). ചെലവ് തുക 1,19,700/- തടസ്സത്തിൽ വെക്കുന്നു.

## 1-25 ടെണ്ടർ നടപടി വൈകിയതിനാൽ ടെണ്ടർ അധികം അനുവദിക്കേണ്ടി വന്നു - പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണത്തിനുണ്ടായിരുന്ന രണ്ടു പദ്ധതികളാണ് "കുറുവാളൂർ കുടിവെള്ള പദ്ധതി, വെള്ളിലാടുമല കുടിവെള്ള പദ്ധതി കിണർ" എന്നിവ. ഈ രണ്ടു പദ്ധതികളും മുൻവർഷത്തിൽ നിന്നുള്ള സ്പിൽ ഓവർ പദ്ധതികളാണ്. രണ്ടു പദ്ധതികൾക്കും സാങ്കേതികാനുമതി 2021 ഫെബ്രുവരി മാസത്തിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതികൾക്കായി ടെണ്ടർ നടപടി ആദ്യമായി സ്വീകരിച്ചിരിക്കുന്നത് യഥാക്രമം 3.8.21, 10.9.21 എന്നീ തിയ്യതികളിലാണ്. ആദ്യ ടെണ്ടറുകളിൽ ആരും പ്രതികരിക്കാത്തതിനാൽ റീ-ടെണ്ടറിലൂടെയാണ് ഈ പ്രവൃത്തികൾ കരാറുകാരെ ഏൽപ്പിച്ചത്. ഇത്തരത്തിൽ റീ-ടെണ്ടർ നടത്തിയപ്പോഴേക്കും 2018 DSR നിരക്കുകൾ നിലവിൽ വരികയും, ആയതിനാൽ ഈ പദ്ധതികൾക്ക് സ.ഉ.(സാധാ) നം.1778/2021/ത.സ.ഭ.വ തീയതി 16/09/2021 പ്രകാരമുള്ള ആനുകൂല്യം നൽകേണ്ടി വരികയും ചെയ്തു. ഇത്തരത്തിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടായിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷത്തിൽ പ്രോജക്ടിന് അംഗീകാരവും, സാങ്കേതികാനുമതിയും ലഭിച്ചിട്ടും

ടെണ്ടർ നടപടികൾ സ്വീകരിക്കാൻ വൈകിയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടി, "ഫെബ്രുവരി മാസത്തിൽ ടി.എസ്. ലഭിച്ചതിനെ തുടർന്ന് 15.3.21 ന് ടെണ്ടർ നടത്താൻ തീരുമാനിച്ചിരുന്നതായിരുന്നെന്നും എന്നാൽ 12.2.21 ന് നിയമസഭാ തെരെഞ്ഞെടുപ്പ് വിജ്ഞാപനം വന്നതിനാൽ ടെണ്ടർ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ലയെന്നും, തുടർന്ന് രണ്ടു പദ്ധതികളും സ്പിൽഓവർ ആയി അംഗീകാരം ലഭിച്ച ശേഷമാണ് ടെണ്ടർ ചെയ്തതെന്നും" ആണ്. നിയമസഭാ തെരെഞ്ഞെടുപ്പ് സാധ്യത ആദ്യമേ അറിയാവുന്ന വസ്തുതയായിരുന്നിട്ടും സാങ്കേതികാനുമതി ലഭിച്ച് ഒരു മാസത്തോളം കഴിഞ്ഞ് ടെണ്ടർ നടപടി തീരുമാനിച്ചത് നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ കൃത്യ വിലോപമാണ്. കൂടാതെ മെയ് മാസത്തോടെ തെരെഞ്ഞെടുപ്പുമായി ബന്ധപ്പട്ട നിയന്ത്രണങ്ങളെല്ലാം അവസാനിച്ചിട്ടും ടെണ്ടർ നടപടികൾക്കായി ആഗസ്റ്റ്, സെപ്റ്റംബർ മാസം വരെ കാത്തിരുന്നതും നിരുത്തരവാദിത്ത്വപരമായ സംഗതിയാണ്. മേൽ പ്രവൃത്തികളിൽ കുറവാളൂർ കുടിവെള്ള പദ്ധതി 10% ടെണ്ടർ അധികം നിരക്കിലും, വെള്ളിലാടുമല കുടിവെള്ള പദ്ധതി കിണർ പദ്ധതി 8.003% ടെണ്ടർ അധികം നിരക്കിലുമാണ് നടപ്പാക്കിയത്. യഥാസമയം ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ഏൽപ്പിച്ചിരുന്നെങ്കിൽ മേൽ പ്രവൃത്തികളുടെ കാര്യത്തിൽ യഥാക്രമം 39212.45/-, 50879.73/- (പ്രവൃത്തി മൂല്യം ജി.എസ്.ടി. ഉൾപ്പെടെ യഥാക്രമം 431337/-, 686638/- ) രൂപയുടെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു.

ഇത്തരത്തിൽ യഥാസമയം ടെണ്ടർ നടപടികൾ സ്വീകരിക്കാതെ പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടാക്കാനുണ്ടായ സാഹചര്യം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും, ഭരണസമിതിയും പരിശോധനാ വിധേയമാക്കേണ്ടതും, ഈ വിഷയത്തിൽ ശരിയായ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്. ഈ വിഷയത്തിലെടുത്ത നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അധികമായി ചെലവഴിക്കേണ്ടി വന്ന ആകെ 90,092/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

### 1-26 കുടിവെള്ള പദ്ധതികളുടെ മോട്ടോർ സ്ഥാപിക്കൽ - റെയ്ഡ്കോയ്ക്ക് അമിത നിരക്ക് നൽകി

വിവിധ കുടിവെള്ള പദ്ധതികളുടെ മോട്ടോർ സ്ഥാപിച്ചതിന് താഴെ പറയുന്ന പ്രോജക്റ്റുകൾ പ്രകാരം തുക വകയിരുത്തി പദ്ധതി രൂപീകരിക്കുകയുണ്ടായി. മോട്ടോറുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്ത് മോട്ടോറുകൾ ഇൻസ്റ്റാൾ ചെയ്യുന്നതിന് റെയ്ഡ്കോയിൽ നിന്നു മാത്രം ക്വട്ടേഷൻ വാങ്ങുകയും അവർ സമർപ്പിച്ച ഇൻവോയ്സ് പ്രകാരമുള്ള തുകയ്ക്ക് സാധനങ്ങൾ വാങ്ങി പദ്ധതി പൂർത്തീകരിക്കുകയുമാണ് ചെയ്തത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 1 | 163/22 | 10 DGM/8 RAIDCO 10 HP 3PH STD SD OWS Pump Set - 82151/- |
| | അയ്യപ്പൻകുഴി വരയാലൻ കണ്ടി കുടിവെള്ള പദ്ധതി | Control Panel Board - 32725/- |
| | | Installation Charge - 34510 |
| | | മറ്റുള്ളവ - 47032 |
| | | ആകെ - 196418/- (ബിൽ നം. 31100576154/28.10.21 പ്രകാരം 194730/- രൂപയാണ് ട്രഷറിയൽ നിന്നും പിൻവലിച്ച് RAIDCO ക്ക് നൽകിയത്.) |
| 2 | 168/22 | 7 DQ/4 RAIDCO 7.5 HP OWS Pump Set - 45765/- |
| | കൊടശ്ശേരി കുന്ന് കുടിവെള്ള പദ്ധതി - മോട്ടോർ സ്ഥാപിക്കൽ | Control Panel Board - 30345/- |
| | | Installation Charge - 33320/- |
| | | മറ്റുള്ളവ - 46127/- |
| | | ആകെ - 155557/ |

പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. മേൽ പ്രവൃത്തിക്ക് മെക്കാനിക്കൽ/ഇലക്ട്രിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. റെയ്ഡ്കോ ആവശ്യപ്പെട്ട തുക നൽകുകയാണ് ചെയ്തത്.
3. മോട്ടോർ പൊതു വിപണിയിൽ നിന്ന് ടെണ്ടർ/ലിമിറ്റഡ് ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള സാധ്യത പർച്ചേസ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.
4. പ്രവൃത്തിക്ക് ഉപയോഗിച്ച സാധന സാമഗ്രികൾ റെയ്ഡകോ നിർമ്മിച്ചതാണോ എന്നത് വ്യക്തമാക്കിയിട്ടില്ല.

റെയ്ഡ്കോക്ക് അധിക തുക നൽകാൻ ഇടയായിട്ടുണ്ടെങ്കിൽ മേൽ സ്ഥാപനത്തിൽനിന്നും തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 പഞ്ചായത്ത് തിരഞ്ഞെടുപ്പ് - സ്ഥാനാർത്ഥികളുടെ നിക്ഷേപം മുതൽക്കൂട്ടിയില്ല

അത്തോളി ഗ്രാമപഞ്ചായത്തിൽ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഷീറ്റ് ബി-7 പ്രകാരം 25000/- രൂപ അവശേഷിക്കുന്നുണ്ട്. മേൽ തുക 2020 പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാനാർത്ഥികൾ ഡെപ്പോസിറ്റ് ചെയ്ത തുകയാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ- 53 പ്രകാരം ഒരു മണ്ഡലത്തലെ തിരഞ്ഞെടുപ്പിന് വേണ്ടി ഓരോ സ്ഥാനാർത്ഥിയും നിർണ്ണയിക്കപ്പെട്ട തുക കെട്ടിവെക്കേണ്ടതാണ്. സെക്ഷൻ -153 (2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് 3 മാസത്തിനകം നിക്ഷേപിച്ച തുക സ്ഥാനാർത്ഥിക്ക് അപേക്ഷ നൽകുന്ന പക്ഷം തിരികെ നൽകാവുന്നതാണ്. ഇപ്രകാരം സമയപരിധിക്കുള്ളിൽ അപേക്ഷ ലഭ്യമാകാത്ത പക്ഷം മേൽ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ ഇപ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ തുക മുതൽക്കൂട്ടിയതായി കാണുന്നില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-28 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൾ മുഴുവൻ മരുന്നുകളും ലഭ്യമായില്ല.

പ്രോജക്ട് നം-45/21-22

നിർവ്വഹണം – മെഡിക്കൽ ഓഫീസർ-ഹോമിയോ

അടങ്കൽ -150000 (മെയിന്റനൻസ് -നോൺ റോഡ്)

ചെലവ് – 150000 (ബിൽ നം-01/21-22 തിയ്യതി-24-12-2021)

ഓഡിറ്റ് വർഷം ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതിക്കായി 24-12-2021 തിയ്യതിയിൽ 1,50,000/- രൂപ 24-12-2021 തിയ്യതിയിൽ കൈമാറിയിട്ടുണ്ട്. പെർഫോർമാ ഇൻവോയ്സ് LF-126/28-06-2022 തീയതി-28-06-22 പ്രകാരം 97,539/- രൂപയുടെ മരുന്ന് ഓഡിറ്റ് തിയ്യതി വരെ ലഭ്യമായിട്ടുണ്ട്. 52,461/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാകുന്നതിന് അവശേഷിക്കുന്നുണ്ട്. മരുന്ന് ലഭ്യമാകാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. 52,461/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-29 സ്ഥിരനിക്ഷേപം പലിശ മുതൽക്കൂട്ടിയില്ല

അത്തോളി ഗ്രാമപഞ്ചായത്തിൽ ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ സ്ഥിരനിക്ഷേപമായി 66,38,589/- രൂപയാണ് 2020-21 വാർഷിക കണക്ക് പ്രകാരം നിലവിലുണ്ടായിരുന്നത്. ഓഡിറ്റ് വർഷം നിക്ഷേപതുകയൊന്നും തന്നെ പിൻവലിച്ചിട്ടില്ല. കെ.ഡി.സി ബാങ്ക്, അത്തോളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നിവിടങ്ങളിലാണ് ഫിക്സ്ഡ് ഡെപ്പോസിറ്റായി തുക നിക്ഷേപിച്ചിട്ടുള്ളത്.

ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | തുക | നിക്ഷേപിച്ച ബാങ്ക് | പലിശ | പലിശ |
|---|---|---|---|---|

| നം | | | നിരക്ക് | ഇനത്തിൽ ലഭ്യമാകേണ്ട തുക |
|---|---|---|---|---|
| 1 | 5,84,550 | അത്തോളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 7.75 | 45,302 |
| 2 | 11,88,656 | അത്തോളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 7.75 | 92,120 |
| 3 | 33,04,114 | അത്തോളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 7.75 | 2,56,068 |
| 4 | 7,49,498 | കെ.ഡി.സി ബാങ്ക് | 7.25 | 54,338 |
| 5 | 2,18,500 | കെ.ഡി.സി ബാങ്ക് | 7.25 | 15,841 |
| 6 | 36,627 | കെ.ഡി.സി ബാങ്ക് | 7.25 | 2,655 |
| 7 | 5,56,644 | അത്തോളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 7.75 | 43,141 |
| ആകെ | 66,38,589 | | | 5,09,465 |

ഓഡിറ്റ് വർഷത്തിൽ സ്ഥിരനിക്ഷേപം പുതുക്കാത്തതാണ് പലിശ ഇനത്തിൽ സ്ഥാപനത്തിൽ ലഭ്യമാകേണ്ട തുകയിൽ കുറവ് വന്നതിന് കാരണമായത്. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. പലിശയിനത്തിൽ ലഭിയ്ക്കേണ്ട തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-30 പെയിൻ ആൻഡ് പാലിയേറ്റീവ് - മാനേജ്മെന്റ് കമ്മറ്റി യോഗങ്ങൾ ചേരുന്നില്ല

പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കുന്നതിനായി സ.ഉ (സാധാ) നം. 553/2019/ത.സ്വ.ഭ.വ. തിയ്യതി 07.03.2019 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ ഖ.2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷത്തിന് മുൻപും ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കേണ്ടതാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രണ്ടു മാസത്തിലൊരിക്കൽ അല്ലെങ്കിൽ ആവശ്യാനുസരണം യോഗം ചേരേണ്ടതാണ്. ഇതിൽ ഓരോ മാസത്തെ വരവു ചെലവു

കണക്കുകൾ മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ – പി.എച്ച്.സി) അവതരിപ്പിക്കേണ്ടതും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി അത് അംഗീകരിക്കേണ്ടതുമാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി 2021-22 വർഷത്തിൽ മതിയായ രീതിയിൽ യോഗം ചേരുകയോ അതിന്റെ പ്രവർത്തനാവലോകനം നടത്തുകയോ വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി അവതരിപ്പിച്ച് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. 30/03/2022 ന മാത്രമാണ് കമ്മറ്റി യോഗം ചേർന്നത്. ഇവിടെ രണ്ടു മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിർദ്ദേശം പാലിക്കുകയുണ്ടായിട്ടില്ല. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-31 മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 166 (1) ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്കരണ കർമ്മ പരിപാടിക്ക് സ.ഉ(കൈ)നം.159/2016/ തസ്വഭവ തീയതി 08.11.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെ തുടർന്ന് പൗരൻമാർക്ക് മാലിന്യസംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ട് സ.ഉ(സാധാ)2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ക്യാമ്പയിന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉത്പ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം. ആയതിലേയ്ക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേന യുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട്

സ.ഉ(ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ(ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവു കളും പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | ശുചിത്വ സുന്ദരം അത്തോളി ഹരിത കർമ്മസേന സഹായ സ്ഥാപനം സീറോ വേസ്റ്റ് പഞ്ചായത്ത് | വി. ഇ. ഒ | 12,60,456 | 2,10,456 |
| 2 | ശുചിത്വ സുന്ദരം അത്തോളി | വി. ഇ. ഒ | 6,75,000 | 6,75,000 |
| 3 | സീറോ വേസ്റ്റ് - അജൈവ മാലിന്യ ശേഖരണവും സംസ്കരണ സ്ഥലത്തേക്ക് കൊണ്ടു പോകലും ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളും | വി. ഇ. ഒ | 18,00,000 | 18,00,000 |
| 4 | എം.സി.എഫിലേക്ക് ഉപകരണങ്ങൾ വാങ്ങൽ | വി. ഇ. ഒ | 50,000 | 49,362 |

| | | | | |
|---|---|---|---|---|
| 5 | എം.സി.എഫ് കെട്ടിടം സൗകര്യം വർദ്ധിപ്പിക്കൽ - ഇലക്ട്രിക് കണക്ഷൻ ലഭ്യമാക്കൽ | സെക്രട്ടറി | 35908 | 35,908 |
| 6 | ഹരിതകർമ്മ സേനയ്ക്ക് വാഹനം വാങ്ങൽ | സെക്രട്ടറി | 400000 | ഇല്ല |
| 7 | എം.സി.എഫ് കെട്ടിടം ഷീറ്റിടൽ | അസി. എഞ്ചിനീയർ | 286500 | ഇല്ല |

മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ 17 വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് ഗ്രാമ പഞ്ചായത്തുമായി കരാർ വെച്ച സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | കരാർ തീയതി | നിരക്ക്/കി. ഗ്രാം (രൂപയിൽ) |
|---|---|---|---|
| 1 | ക്ലീൻ കേരള കമ്പനി | 20.2.2021 | 11.80 |
| 2 | ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എൽ. എൽ. പി, വെസ്റ്റ്ഹിൽ, കോഴിക്കോട് | 17.6.2022 | 6.50 |

കോവിഡ് പശ്ചാത്തലത്തിൽ 2021-22 വർഷം ആറു മാസത്തെ ഇടവേളകളിലാണ് ഹരിത കർമ്മസേന വീടുകളിൽ കയറിയുള്ള അജൈവ മാലിന്യം ശേഖരണം നടത്തിയത്. ആയതിനാൽ അതു

വരെ ഉള്ള മാലിന്യങ്ങൾ ഗ്രാമ പഞ്ചായത്തിലെ 17 വാർഡുകളിലും കൂട്ടിയിട്ടിരിക്കുകയായിരുന്നു. മേൽ പ്രകാരം കരാർ വെച്ച സ്ഥാപനങ്ങൾ വഴി ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിലെ 17 വാർഡുകളിൽ നിന്നും കയറ്റി അയച്ച അജൈവ മാലിന്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തീയതി | കൊണ്ടുപോയ സ്ഥാപനം | തൂക്കം (കി.ഗ്രാം) | ഇനം |
|---|---|---|---|---|
| 1 | 1.3.2021 | ക്ലീൻ കേരള കമ്പനി | 5,760 | തരം തിരിച്ചവ |
| 2 | 24.4.2021മുതൽ 24.5.2021 വരെ | ക്ലീൻ കേരള കമ്പനി | 38,720 | തരം തിരിച്ചവ |
| 3 | 1.9.2021 മുതൽ 14.9.2021 വരെ | ക്ലീൻ കേരള കമ്പനി | 51,360 | തരം തിരിച്ചവ |
| 4 | 9.2.2022 മുതൽ 9.3.2022 വരെ | ക്ലീൻ കേരള കമ്പനിക്ക് വേണ്ടി ഒലീന മഹിളാ സമാജം, കോഴിക്കോട് | 54,485 | തരം തിരിച്ചവ |
| 5 | 22.6.2022 മുതൽ 25.6.2022 വരെ | ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എൽ. എൽ. പി | 11,860 | തരം തിരിച്ചവ |
| 6 | 18.7.2022 മുതൽ 24.7.2022 വരെ | ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എൽ. എൽ. പി | 17,360 | തരം തിരിച്ചവ |
| 7 | 4.8.2022 മുതൽ 31.8.2022 വരെ | ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എൽ. എൽ. പി | 19,400 | തരം തിരിച്ചവ |

| | | | | |
|---|---|---|---|---|
| 8 | 1.9.2022 മുതൽ 10.9.2022 വരെ | ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എൽ. എൽ. പി | 28,780 | തരം തിരിച്ചവ |
| 9 | 16.9.2022 മുതൽ 30.9.2022 വരെ | ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എൽ. എൽ. പി | 15,790 | തരം തിരിച്ചവ |
| 10 | 3.10.2022 മുതൽ 14.10.2022 വരെ | ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എൽ. എൽ. പി | 15,980 | തരം തിരിച്ചവ |
| 11 | 17.10.2022 മുതൽ 31.10.2022 വരെ | ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എൽ. എൽ. പി | 9,450 | തരം തിരിച്ചവ |
| ആകെ | | | 2,68,945 | |

മേൽ പ്രകാരം കയറ്റി അയച്ച അജൈവ മാലിന്യങ്ങളുടെ തൂക്കം എടുത്തിരിക്കുന്നത് പന്തീരാങ്കാവ്, വെസ്റ്റ്ഹിൽ, താമരശ്ശേരി, കൊയിലാണ്ടി, പടനിലം, രാമനാട്ടുകര എന്നിവിടങ്ങളിലെ വെയ് ബ്രിഡ്ജുകളിലാണ്. ഗ്രാമപഞ്ചായത്തിന് ഏറ്റവും അടുത്ത വെയ് ബ്രിഡ്ജിൽ നിന്ന് നടക്കം എടുക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

മേൽപ്രകാരം അജൈവ മാലിന്യങ്ങൾ കയറ്റി അയക്കുന്നതിന് ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| കൊണ്ടുപോയ സ്ഥാപനം | ആകെ തൂക്കം (കി. ഗ്രാം) | നിരക്ക് | നൽകേണ്ട തുക | നൽകിയ തുക |
|---|---|---|---|---|
| ക്ലീൻ കേരള കമ്പനി | 1,50,325 | 11.80 | 17,73,835 | 13,42,637 |
| ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എൽ. എൽ. പി, വെസ്റ്റ്ഹിൽ, | 1,18,620 | 6.50 | 7,71,030 | 7,14,761 |

| | | | | |
|---|---|---|---|---|
| കോഴിക്കോട് | | | | |

ഗ്രാമപഞ്ചായത്തിൽ മേൽ പ്രകാരം നടപ്പിലാക്കിയ മാലിന്യ നിർമ്മാജന പദ്ധതികളുടെ നിർവഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ക്ലീൻ കേരള കമ്പനിയുമായി ഉണ്ടാക്കിയ കരാർ പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിന്ന് വാഹനങ്ങളിൽ കൊണ്ടു പോകുന്ന മാലിന്യങ്ങളുടെ തൂക്കമെടുക്കേണ്ടത് ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ ആയിരിക്കണം. ഗ്രാമപഞ്ചായത്തിൽ നിന്നും കയറ്റി അയച്ച അജൈവ മാലിന്യങ്ങളുടെ തൂക്കം എടുത്തിരിക്കുന്നത് പന്തീരാങ്കാവ്, വെസ്റ്റ്ഹിൽ, താമരശ്ശേരി, കൊയിലാണ്ടി, പടനിലം, രാമനാട്ടുകര എന്നിവിടങ്ങളിലെ വെയ് ബ്രിഡ്ജുകളിലാണ്. എന്നാൽ ഇപ്രകാരം വാഹനങ്ങളിൽ കൊണ്ടു പോയ മാലിന്യങ്ങളുടെ തൂക്കമെടുത്തത് ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ അല്ല.

പുനരുപയോഗ്യ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ കൊണ്ടു പോകുന്നതിന് കരാറെടുത്ത ക്ലീൻ കേരള കമ്പനി, കരാറിന് വിരുദ്ധമായി ടി പ്രവൃത്തി ഭാഗികമായി മറ്റൊരു സ്ഥാപനത്തെ ഏൽപ്പിക്കുകയായിരുന്നു.

പുനരുപയോഗ്യ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി, ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എൽ. എൽ. പി എന്നീ സ്ഥാപനങ്ങളെയാണ് കരാർ പ്രകാരം തുക നൽകിക്കൊണ്ട് സംസ്ഥാനത്തിനകത്ത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് ഏൽപ്പിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ നിന്ന് തൂക്കമെടുത്ത് വാഹനങ്ങളിൽ കൊണ്ടു പോകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നത് എങ്ങനെയാണെന്നും എവിടെ വെച്ചാണെന്നും ഉള്ള വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. കരാർ ഏറ്റെടുത്ത സ്ഥാപനങ്ങൾ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനും ആയതിന്റെ രേഖകൾ സൂക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്തിൽ സംവിധാനമില്ലാത്തത് വീഴ്ചയാണ്. നിലവിൽ മാലിന്യങ്ങൾ കയറ്റിക്കൊണ്ടു പോകുന്നതിന് കരാർ എടുത്ത ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എൽ.എൽ.പി എന്ന സ്ഥാപനത്തിന് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സംവിധാനമുണ്ടോ എന്ന് ഗ്രാമ പഞ്ചായത്ത് ഉറപ്പ് വരുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തുമായി ഉണ്ടാക്കിയ കരാറിൽ സ്വന്തം ഉത്തരവാദിത്തത്തിൽ മാലിന്യ സംസ്കരണം നടത്തുമെന്ന് ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എൽ. എൽ. പി എന്ന സ്ഥാപനം പറയുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിന്ന് കയറ്റി അയക്കുന്ന അളവ് മാലിന്യങ്ങൾ ഈ സ്ഥാപനങ്ങളിൽ സംസ്കരിച്ചതിന്റെ ആധികാരിക രേഖ പരിശോധനയ്ക്ക് ആവശ്യപ്പെടേണ്ടതാണ്.

ഹരിത കർമ്മസേനയുടെ പ്രവർത്തനം

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേന യുടെ പ്രവർത്തന മാർഗ്ഗരേഖയും 12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചു. ആയതു പ്രകാരം ശുചിത്വ മാലിന്യ സംസ്കരണത്തിനായി ഹരിത കർമ്മസേന രൂപീകരിക്കേണ്ടതും അവർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതുമാണ്. അവർ കഴുകി വൃത്തിയാക്കിയ അജൈവമാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കേണ്ടതാണ്. ആയതിന് വാഹനസൗകര്യം ഏർപ്പെടുത്തേണ്ടതും അവ സൂക്ഷിക്കുന്നതിനായി വാർഡ് തലത്തിൽ മിനി എം.സി.എഫുകളും പഞ്ചായത്തിൽ എം.സി.എഫും സ്ഥാപിക്കുക, ഹരിതകർമ്മ സേനയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ, തിരിച്ചറിയൽ കാർഡ്, യൂണിഫോം എന്നിവ നൽകേണ്ടത് പഞ്ചായത്തിന്റെയും കുടുംബശ്രീ മിഷന്റെയും ഉത്തരവാദിത്വമാണ്.

ഗ്രാമപഞ്ചായത്തിൽ 34 പേരടങ്ങുന്ന ഹരിത കർമ്മസേനയാണ് 2016-17 വർഷം രൂപീകരിച്ചിട്ടുള്ളത്. എന്നാൽ നിലവിൽ 15 അംഗങ്ങൾ മാത്രമാണ് ഹരിത കർമ്മസേനയിൽ പ്രവർത്തിക്കുന്നത്. വരുമാനം തീരെ കുറഞ്ഞ് പ്രവർത്തനം മുമ്പോട്ട് കൊണ്ടു പോകാൻ കഴിയാതെ വന്ന സാഹചര്യത്തിൽ 2021-22 വർഷം വി. ഇ. ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സീറോ വേസ്റ്റ് - അജൈവ മാലിന്യ ശേഖരണവും സംസ്കരണ സ്ഥലത്തേക്ക് കൊണ്ടു പോകലും ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളും എന്ന എസ് 020/22 നമ്പർ പ്രോജക്ട് പ്രകാരം 3,76,825 രൂപയും എസ് 196/22 നമ്പർ പ്രോജക്ട് പ്രകാരം 2,10,456 രൂപയും ഹരിത കർമ്മസേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ടിനത്തിൽ അനുവദിച്ചിട്ടുണ്ട്. വീടുകളിൽ കയറിയുള്ള അജൈവ മാലിന്യം ശേഖരിക്കൽ പൂർണ്ണതോതിൽ നടത്താൻ കഴിഞ്ഞെങ്കിൽ മാത്രമേ ഹരിത കർമ്മസേനയ്ക്ക് സ്വന്തം വരുമാനത്തിൽ നിന്ന് ചെലവുകൾ നടത്താൻ കഴിയുന്ന സാഹചര്യം ഉണ്ടാവുകയുള്ളൂ.

ഗ്രാമപഞ്ചായത്തിൽ നിന്നും ശേഖരിക്കപ്പെട്ട അജൈവ മാലിന്യങ്ങളുടെ വിലയായി താഴെ പറയും പ്രകാരമുള്ള തുകകൾ ഹരിത കർമ്മസേനയുടെ അക്കൗണ്ടിൽ വരവായി വന്നിട്ടുണ്ട്. (അക്കൗണ്ട് നമ്പർ 40103101033449, കേരളാ ഗ്രാമീൺ ബാങ്ക്, അത്തോളി ശാഖ)

| ക്രമ നമ്പർ | അക്കൗണ്ടിൽ വരവ് വന്ന തീയതി | തുക |
|---|---|---|
| 1 | 21.12.2020 | 62,091 |

| | | |
|---|---|---|
| 2 | 21.12.2021 | 1,06,045 |
| 3 | 23.1.2022 | 12,500 |
| 4 | 25.1.2022 | 7,350 |
| 5 | 9.2.2022 | 7,460 |
| 6 | 28.3.2022 | 4,933 |
| 7 | 12.4.2022 | 6,795 |
| 8 | 4.5.2022 | 10,855 |
| 9 | 29.6.2022 | 81,934 |
| 10 | 20.8.2022 | 12,164 |
| 11 | 1.10.2022 | 11,686 |
| 12 | 13.10.2022 | 5,000 |
| 13 | 26.10.2022 | 4,055 |
| 14 | 4.11.2022 | 7,222 |

2021-22 ൽ കോവിഡ് പശ്ചാത്തലത്തിൽ വീടുകളിൽ കയറിയുള്ള അജൈവ മാലിന്യം ശേഖരിക്കൽ പൂർണ്ണതോതിൽ നടത്താൻ ഹരിത കർമ്മസേനയ്ക്ക് കഴിഞ്ഞിട്ടില്ല. 2021-22 ൽ ആറു മാസത്തെ ഇടവേളകളിലാണ് വീടുകളിൽ കയറിയുള്ള അജൈവ മാലിന്യം ശേഖരണം ഹരിത കർമ്മസേന നടത്തിയത്.

ഹരിതകർമ്മ സേനയ്ക്ക് വീടുകളിൽ കയറിയുള്ള അജൈവ മാലിന്യ ശേഖരണം നടത്തുന്നതിന് അനിവാര്യമായ വാഹന സൗകര്യം ഏർപ്പെടുത്തുന്നതിന് വേണ്ടി ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് രൂപീകരിച്ചിരുന്നുവെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല (പ്രോജക്ട് നമ്പർ 242/2021-22 ).

മാലിന്യ നിർമ്മാ ർജ്ജന രംഗത്തെ നിലവിലെ സ്ഥിതി , സ്വീകരിക്കേണ്ട തുടർനടപടികൾ

മാലിന്യ നിർമ്മാർജ്ജനത്തിനായി ഗ്രാമപഞ്ചായത്ത് വർഷങ്ങളായി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. മാലിന്യ നിർമ്മാർജ്ജന പദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം താഴെ പറയുന്ന രേഖകൾ തയ്യാറാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | രേഖകളുടെ വിവരം | ഭരണ സമിതി അംഗീകാരം - | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | തീരുമാനം നമ്പർ, തീയതി | |
| 1 | പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ | 11/1 തീയതി 2.7.2021 | പഞ്ചായത്ത് ഡയരക്ടറുടെ PAN/282/2022-C5(DP) തീയതി 15.8.2022 നമ്പർ പ്രകാരം അംഗീകാരം ലഭിച്ച |
| 2 | ഖരമാലിന്യ സംസ്കരണത്തിനുള്ള ആക്ഷൻ പ്ലാൻ | 1/1 തീയതി 2.8.2021 | - |

എന്നാൽ ഗ്രാമപഞ്ചായത്തിന് മാലിന്യം ശേഖരിക്കുന്നതിനോ സംസ്കരിക്കുന്നതിനോ ഉള്ള പൂർണ്ണമായ ഒരു സംവിധാനം ഒരുക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല എന്നത് വീഴ്ചയാണ്.

എം.സി.എഫിലെ ഭൗതിക സൗകര്യങ്ങളിലെ അപര്യാപ്തതകൾ

ഓഡിറ്റിന്റെ ഭാഗമായി 17.11.2022 - ന് ഗ്രാമ പഞ്ചായത്തിലെ വി. ഇ. ഒ. ആയ ശ്രീ. ഷിജു കെ. എം നോടൊപ്പം എം.സി.എഫിൽ സ്ഥലപരിശോധന നടത്തി. എം.സി.എഫിനകത്ത് പുനരുപയോഗ സാധ്യതയുള്ളതും അല്ലാത്തതുമായ അജൈവ മാലിന്യങ്ങൾ ചാക്കുകളിലാക്കി കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. എം.സി.എഫ് കോമ്പൗണ്ടിൽ സൂക്ഷിച്ച ചാക്കുകളിൽ നിറച്ച മാലിന്യങ്ങൾ മഴ നനയാതിരിക്കുന്നതിനായി കൂടുതൽ സ്ഥലത്ത് മേൽക്കൂര നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. എം.സി.എഫിൽ ബേലിംഗ് മെഷീൻ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ത്രീ ഫേസ് കണക്ഷൻ ലഭ്യമായിട്ടില്ല എന്ന് കാണുന്നു. എം.സി.എഫി - ലേക്ക് വലിയ വാഹനങ്ങൾ കയറുന്നതിനുള്ള സൗകര്യവും നിലവിലില്ല.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ നാളിതുവരെ പുറപ്പെടുവിച്ച മാർഗ്ഗരേഖകൾ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റിസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യലും നടത്തുക വഴി 5 വർഷം കൊണ്ട് മാതൃകാപരമായി മാലിന്യമുക്തമാകേണ്ടതുണ്ട്. കൂടാതെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടത്തിക്കൊണ്ടു

പോകുന്നതിനുള്ള ആവർത്തന ചെലവുകൾ ഏറ്റവും കുറഞ്ഞ തോതിൽ മാത്രമേ തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്ന് നടത്താവൂ എന്ന സമീപനവും സ്വീകരിക്കേണ്ടതുണ്ട്.

2021-22 കാലയളവിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമ മല്ലാത്തത്, മാലിന്യം നീക്കം ചെയ്യുന്നതിലെ കാലതാമസം, എം.സി.എഫ് പൂർണ്ണ തോതിൽ പ്രവർത്തന ക്ഷമമാകാത്തത്, മറ്റ് അപാകതകൾ എന്നിവക്ക് രേഖകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 3/2021-22 തീയതി 14.11.2022 ) 19.11.2022 ന് വി. ഇ. ഒ. ലഭ്യമാക്കിയ മറുപടിയിൽ താഴെ പറയും പ്രകാരമുള്ള വിശദീകരണം നൽകിയിട്ടുണ്ട്. നിലവിൽ വാഹനങ്ങളിൽ കയറ്റിക്കൊണ്ടു പോകുന്ന മാലിന്യങ്ങളുടെ തൂക്കമെടുത്ത് യഥാവിധി സാക്ഷ്യപ്പെടുത്തുന്നുണ്ട് എന്നും നിലവിൽ മാലിന്യങ്ങൾ കയറ്റിക്കൊണ്ടു പോകുന്നതിന് കരാർ എടുത്ത ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എൽ. എൽ. പി എന്ന സ്ഥാപനത്തിന് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സംവിധാനമുണ്ട് എന്നും ഗ്രാമപഞ്ചായത്തിൽ നിന്ന് കയറ്റി അയക്കപ്പെടുന്ന അളവ് മാലിന്യങ്ങൾ ഈ സ്ഥാപനത്തിൽ സംസ്കരിച്ചതിന്റെ ആധികാരിക രേഖ സ്ഥാപനം ലഭ്യമാക്കുന്നുണ്ടെന്നും അറിയിച്ചു. കൂടാതെ ചിട്ടയായ പ്രവർത്തനം വഴി ഹരിത കർമ്മ സേനയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട് എന്നും വി. ഇ. ഒ. അറിയിച്ചു.

ഇതേ ഓഡിറ്റ് എൻക്വയറിക്ക് 21.11.2022 ന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എം.സി.എഫി - ലേക്ക് വലിയ വാഹനങ്ങൾ കയറുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നുണ്ടെന്നും മാലിന്യങ്ങൾ മഴ നനയാതിരിക്കുന്നതിനായി കൂടുതൽ സ്ഥലത്ത് മേൽക്കൂര നിർമ്മിക്കുന്ന പ്രവൃത്തി ഏറ്റെടുക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

അജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിന് പൗരന്മാർക്ക് മാലിന്യ സംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക വഴി അജൈവ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറച്ചുകൊണ്ടുവരിക, ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ ശേഖരിക്കുക, ഹരിത കർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുക, വാർഡുകൾ തോറും മിനി എം.സി.എഫുകൾ സ്ഥാപിച്ചും എം.സി.എഫിൽ അടിസ്ഥാന സൗകര്യമൊരുക്കിയും മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന് നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക എന്നിവ നടപ്പിലാക്കേണ്ടത് അജൈവ മാലിന്യങ്ങളുടെ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് അനിവാര്യമാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ച് ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം

പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-32 കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വരിസംഖ്യ നൽകുന്നു - ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല.

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വാർഷിക വരിസംഖ്യയായി 2,000/- രൂപ നൽകുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 20.3.2021 ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും അത്തോളി ഗ്രാമ പഞ്ചായത്ത് 18.5.2021 തീയതിയിൽ 2,000 രൂപ താഴെ പറയും പ്രകാരം ക്രൂസിൽ അടവാക്കിയിട്ടുണ്ട്.

| | |
|---|---|
| വൗച്ചർ നമ്പർ, തീയതി | 22100126, 18.5.2021 |
| ചെക്ക് നമ്പർ, തീയതി | 21135, 18.5.2021 |

ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കും ഡയറക്ടർ ബോർഡിലേക്കും ഉള്ള ഗ്രാമ പഞ്ചായത്തുകളുടെ പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ വാർഷിക വരിസംഖ്യ അടച്ച പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് മാത്രമാണ് മൽസരിക്കാൻ കഴിയുക എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അത്തോളി ഗ്രാമപഞ്ചായത്തിൽ നിന്നും 2013-14 വർഷം മുതൽ തുടർച്ചയായി ഈ വരിസംഖ്യ അടച്ച് വരുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ജനപ്രതിനിധികളാരും തന്നെ നാളിതുവരെ ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കോ ഡയറക്ടർ ബോർഡിലേക്കോ മൽസരിച്ചിട്ടില്ല. കൂടാതെ അത്തോളി ഗ്രാമ പഞ്ചായത്ത് നാളിതുവരെ ക്രൂസിൽ നിന്നും തെരുവ് വിളക്കുകൾ വാങ്ങുകയോ തെരുവ് വിളക്കുകളുടെ സ്ഥാപനത്തിലോ പരിപാലനത്തിലോ ക്രൂസിന്റെ സേവനം ആവശ്യപ്പെടുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ക്രൂസിന് വാർഷിക വരിസംഖ്യയായി എല്ലാ വർഷവും 2,000/- രൂപ നൽകിയതു കൊണ്ട് ഗ്രാമ പഞ്ചായത്തിന് നാളിതുവരെ യാതൊരു പ്രയോജനവും

ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ ഈ വരിസംഖ്യയിനത്തിൽ തുടർന്നും തുക നൽകുന്നത് സംബന്ധിച്ച് ഭരണ സമിതിയ്ക്ക് പുന:രാലോചിക്കാവുന്നതാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

ഇക്കാര്യത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 19/2021-22 തീയതി 18.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്.

1-33 ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ - പ്രവൃത്തി തടസ്സപ്പെട്ടു

സ.ഉ. (കൈ)39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ.(കൈ) 45/ 2020/ത.സ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സൗകര്യങ്ങളോടു കൂടിയ പൊതു ശുചിമുറികൾ സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി 2021-22 വർഷത്തിൽ പ്രൊജക്ട് രൂപീകരിച്ചിട്ടുണ്ട്. (നമ്പർ എസ്. 0192/22 ) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 14,00,000/- രൂപ കേന്ദ്രാവിഷ്കൃത ഫണ്ട് വകയിരുത്തിയിട്ടുണ്ട്. അത്തോളി ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിന് സമീപം പാവങ്ങാട് - കുറ്റ്യാടി സ്റ്റേറ്റ് ഹൈവേക്ക് സമീപത്തായി ഒരു വഴിയോര വിശ്രമ കേന്ദ്രം സ്ഥാപിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ടെണ്ടർ വഴി ഈ പ്രവൃത്തി ശ്രീ.സുഗുണൻ പി എന്ന കരാറുകാരനെ ഏൽപ്പിക്കുകയും 24.2.2021 ന് ടിയാൻ ഗ്രാമപഞ്ചായത്തുമായി കരാർ വെക്കുകയും ചെയ്തു. പി.ഡബ്ല്യു.ഡി. ഇതിനായി അനുവദിച്ച സ്ഥലം റോഡ് നിരപ്പിൽ നിന്നും ഉയർന്നതായതിനാൽ സൈറ്റിലെ മണ്ണ് നീക്കി റോഡിന്റെ ലെവലിൽ ഫൗണ്ടേഷൻ നിർമ്മിക്കുന്നതിനായി സൈറ്റിലെ മണ്ണ് നീക്കിത്തുടങ്ങിയപ്പോൾ സമീപ വസ്തുവിന്റെ ഉടമസ്ഥൻ കരാറുകാരൻ, പി. ഡബ്ല്യു.ഡി സബ് കലക്ടർ എന്നിവർക്കെതിരെ കേസ് ഫയൽ ചെയ്തതിനാൽ ഈ പ്രവൃത്തി ഓഡിറ്റ് വർഷം തുടരാൻ സാധിച്ചിട്ടില്ല എന്ന് കാണുന്നു. ഈ പ്രവൃത്തി പൂർത്തീകരിക്കാൻ തുടർന്ന് സ്വീകരിച്ച നടപടികൾ, പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്നിവ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 2/2021-22 തീയതി 14.11.2022) 21.11.2022 ന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ 168 നമ്പർ പദ്ധതിയായി ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ എന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ആയതിന് സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടെന്നും ആയതിന്റെ ടെണ്ടർ നടപടികൾ നടന്നു വരികയാണെന്നും അറിയിച്ചിട്ടുണ്ട്. ടെണ്ടർ

അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് എഗ്രിമെന്റ് വെച്ച് പ്രവൃത്തി ആരംഭിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്ക് അത്യാവശ്യ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ഈ പ്രവൃത്തി പൂർത്തീകരിക്കാൻ ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 ശുചിത്വ മിഷൻ ഗ്രാന്റ് വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

ശുചിത്വ മിഷൻ ഗ്രാന്റ് ഇനത്തിൽ നാളിതു വരെ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയിൽ താഴെപ്പറയും പ്രകാരമുള്ള തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | തുക | സൂക്ഷിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് |
|---|---|---|---|
| 320100198 | Grants From Suchitwa Mission | 28,04,599 | കേരളാ ഗ്രാമീൺ ബാങ്ക്, അത്തോളി ശാഖയിലെ 40103100114428 നമ്പർ ശുചിത്വ മിഷൻ അക്കൗണ്ട് |

ഗ്രാമപഞ്ചായത്തിന് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ അവയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം വിനിയോഗിക്കാതെ/തിരിച്ചടക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 5/2021-22 തീയതി 14.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

ശുചിത്വ മിഷൻ ഡയറക്ടറുടെ 06/08/21 ലെ 951/സി2/2019/എസ്.എം കത്ത് പ്രകാരം സർക്കാർ പണം ഉപയോഗിക്കാതെ ദീർഘകാലം സൂക്ഷിക്കുന്നത് ധനവിനിയോഗ ചട്ടങ്ങളുടെ ലംഘനമായി ധനകാര്യവകുപ്പ് കണ്ടെത്തിയിട്ടുണ്ടെന്നും, ആയതിനാൽ പദ്ധതികൾക്ക് വിനിയോഗിക്കാതെ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന ശുചിത്വ മിഷൻ ഫണ്ട് തുക 18% നിരക്കിലുള്ള പലിശ സഹിതം തിരിച്ചടയ്ക്കുന്നതിന് നടപടി സ്വീകരിക്കണം എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പദ്ധതികൾക്ക് വിനിയോഗിക്കാതെ അവശേഷിക്കുന്ന ശുചിത്വ മിഷൻ ഫണ്ട് തുക വിനിയോഗിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 വസ്തുനികുതി അപാകതകൾ

വസ്തുനികുതി പുനർനിർണ്ണയിച്ചില്ല

മുൻവർഷത്തിൽ ഭാഗികമായി നിർമ്മാണം പൂർത്തീകരിച്ച് വസ്തു നികുതി നിർണ്ണയിക്കുകയും, ഓഡിറ്റ് വർഷത്തിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്ത കെട്ടിടത്തിന്റെ നികുതി ഉപയോഗക്രമത്തിന്റെ തരം മാറ്റി നികുതി പുനർനിർണ്ണയിച്ചില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

ഫയൽ നമ്പർ : എ4/256/2018

ശ്രീ.അബ്ദുൾ റസാഖ്, അബ്ദുൾ ബഷീർ കണിയാർ വയലിൽ, അത്തോളി എന്നവർക്ക് എ4.ബി.എ(48063/2018) നമ്പർ പെർമിറ്റ് പ്രകാരം 526.54 ച. മീറ്ററിലുള്ള വാണിജ്യ കെട്ടിടത്തിന് നിർമ്മാണനുമതി നൽകിയിരുന്നു. 2020 ൽ ഈ കെട്ടിടത്തിന്റെ 65.52 ച.മീ. വിസ്തൃതിയിലുള്ള താഴത്തെ നിലയിലെ ഒരു മുറി നിർമ്മാണം പൂർത്തീകരിച്ച് നികുതി നിർണ്ണയിച്ചു നൽകി. ആ സമയം "വാണിജ്യാവശ്യത്തിനുള്ളവ, 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ ഷോപ്പുകൾ ഗോഡൗൺ" എന്ന ഉപയോഗക്രമത്തിൽ പെടുത്തി 45 രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചത്. പിന്നീട് 2021 ൽ ബാക്കി വരുന്ന 463.06 ച. മീ. വിസ്തൃതിയിലുള്ള ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ച് നമ്പറിംഗിനായി അപേക്ഷിച്ചു. ഇതു പ്രകാരം "വാണിജ്യാവശ്യത്തിനുള്ളവ 200 ച. മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ" എന്ന ഉപയോഗക്രമത്തിൽ പെടുത്തി 70 രൂപ നിരക്കിൽ നികുതി നിശ്ചയിച്ചു നൽകി. എന്നാൽ ഈ സമയം ആദ്യം പൂർത്തീകരിച്ച ഭാഗത്തിന് ഉയർന്ന നിരക്കിൽ നികുതി പുനർനിർണ്ണയിച്ചില്ല. പ്രസ്തുത കെട്ടിടം 200 ച. മീറ്ററിനു മുകളിൽ വരുന്ന വാണിജ്യ കെട്ടിടമായതിനാൽ ആദ്യം നിർമ്മാണം പൂർത്തീകരിച്ച ഭാഗത്തിനും കൂടി കൂടിയ നിരക്കിലുള്ള നികുതി ബാധകമാക്കേണ്ടതാണ്.

| ഉദ്യോഗസ്ഥന്റെ പേര് | കെട്ടിട നം. വിസ്തീർണ്ണം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | വ്യത്യാസം |
|---|---|---|---|---|
| അബ്ദുൾ റസാഖ്, അബ്ദുൾ ഭഷീർ | 8/433 E 65.52 M2 വാണിജ്യം | 65.52x45 =2948.4 2948.4x20% =589.68 (വഴി വർദ്ധന) വസ്തുനികുതി =2948.4+589.68 = 3539 | 65.52x70 = 4586.4 4586.4x20% =917.28 (വഴി വർദ്ധന) 4586.4+917.28 = 5503.68 | വസ്തുനികുതി 5503.68 – 3539 = 1965 ലൈബ്രറി സെസ്സ് = 98 |

മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും വസ്തുനികുതി പുനർനിർണയിച്ച് നികുതി

ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കോൺക്രീറ്റ് പേവിംഗ് - ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികളിലും ഫോം വർക്കിന് തുക ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്

2021-22 വർഷം അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ റോഡ്/ഫുട്ട്പാത്ത് നിർമ്മാണങ്ങളിൽ കോൺക്രീറ്റ് നടത്തിയപ്പോൾ ഫോം വർക്ക് ആവശ്യമില്ലാതിരുന്ന/ഫോം വർക്ക് ചെയ്തിട്ടില്ലാത്ത സാഹചര്യത്തിലും 4% തുക ഫോം വർക്കിനായി ഉൾപ്പെടുത്തുകയും കരാറുകാർക്ക് അനുവദിക്കുകയും ചെയ്തിരിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് പേര്/നമ്പർ | ഉൾപ്പെടുത്തിയ ഇനം | ചെയ്ത അളവ്/നൽകിയ തുക | ഫോം വർക്ക് തുക ഒഴിവാക്കി നൽകാവുന്ന തുക | 4% അധിക തുക |
|---|---|---|---|---|---|
| 1 | കോതങ്ങൽ കുറുവാളൂർ കോൺക്രീറ്റ് റോഡ്, 236/22 | 75.8.1 ഐറിഷ് ഡ്രൈൻ, റോഡ് കോൺക്രീറ്റ് | 47.15x7582.91 = 357534.21 | 47.15x7291.26 =343782.91 | 13751.3 |
| 2 | കുറുപ്പംക്കണ്ടി കുറ്റിയിൽമുക്ക് റോഡ് റീ-ടാറിംഗ്, 77/22 | 75.8.1 ഐറിഷ് ഡ്രൈൻ | 10.598x8000 =84784 | 10.598x7692.3 = 81523 | 3261 |
| 3 | പടിക്കൽതാഴെ കുറുപ്പംകണ്ടി താഴെ റോഡ് റീ-ടാറിംഗ്, 40/22 | 75.8.1 ഐറിഷ് ഡ്രൈൻ | 9.63x7800 =75114 | 9.63x7500 = 72225 | 2889 |
| 4 | തോരായി അങ്ങാടി | 75.8.1 | 19.985x8358.28 | 19.985x8036.81 | 6424.58 |

| | | | | | |
|---|---|---|---|---|---|
| | തെളക്കാട്ടുപൊയിൽ ഫുട്ട്പാത്ത്, 93/22 | റോഡ് കോൺക്രീറ്റ് | = 167040.23 | = 160615.65 | |
| 5 | ചിറ്റാരിക്കൽ എടക്കോത്ത് റോഡ്, 151/22 | 11.4.3.1 റോഡ് കോൺക്രീറ്റ് | 23.35x7549.93 = 176290.87 | 23.35x7259.55 = 169510.49 | 6780.38 |
| ആകെ | | | | | 33,106.26 |

മേൽ റോഡ് പ്രവൃത്തികൾ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സൈറ്റ് പരിശോധനയിൽ (അസി.എഞ്ചിനീയറുടെ സാന്നിധ്യത്തിൽ) സന്ദർശിക്കുകയുണ്ടായി. പരിശോധനയിൽ ഈ പ്രവൃത്തികളിലൊന്നും കോൺക്രീറ്റിനായി (റോഡ് കോൺക്രീറ്റ്/ഐറിഷ്ഡ്രൈൻ) ഫോംവർക്ക് ചെയ്യേണ്ടി വന്നിട്ടില്ല എന്നു ബോധ്യപ്പെട്ടു. റോഡുകൾ ലഭ്യമായ മുഴവൻ വീതിയിലും കോൺക്രീറ്റ് ചെയ്യുകയും, ഐറിഷ് ഡ്രൈൻ നിർമ്മിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഈ സാഹചര്യത്തിലും ഫോംവർക്കിനായി 4% വരുന്ന തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

മുകളിൽ വിവരിച്ച പ്രകാരം ആവശ്യകതയില്ലാത്തിടത്തും ഫോം വർക്കിനുള്ള തുക കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കി നിർവ്വഹണം നടത്തിയതിനാൽ പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടാകുന്നുണ്ട് അഥവാ കരാറുകാർക്ക് അമിത ലാഭം കിട്ടുന്ന അവസ്ഥയുണ്ടാകുന്നുണ്ട്. മേൽ അപാകത വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടി, " മോർഡ് സ്പെസിഫിക്കേഷനിൽ ഈയിനങ്ങൾ ഫോംവർക്ക് കൂടി ഉൾപ്പെട്ടവയാണെന്നും, ഫോംവർക്ക് ആവശ്യമില്ലാത്തയിടങ്ങളിൽ, സ്പെസിഫിക്കേഷനിൽ മാറ്റം വരുത്താതെ ഫോം വർക്ക് മാത്രം കുറവുചെയ്യാൻ സാധിക്കാത്തതിനാലാണ് ഇപ്രകാരം ചെയ്യുന്നത്"എന്നാണ്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ഓഡിറ്റ് വർഷത്തിൽ തന്നെ ചെയ്ത പ്രവൃത്തികളായ "കൊളങ്ങരകണ്ടി റോഡ്", "എടത്തിൽതാഴെ പുല്ലില്ലാമല റോഡ് റീ-ടാറിംഗ് " എന്നീ പ്രവൃത്തികളിൽ 75.8.1 എന്നയിനത്തിന്റെ ഫോം വർക്ക് ഒഴിവാക്കി ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഫോംവർക്ക് ഒഴിവാക്കാൻ സാധ്യമാണെന്നിരിക്കെ തെറ്റിദ്ധരിപ്പിക്കുന്ന മറുപടി ഓഡിറ്റിന് നൽകിയത് തെറ്റായ പ്രവണതയാണ്.

മുകളിൽ വിവരിച്ച പ്രകാരമുള്ള അധിക ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുക തിരികെ ഈടാക്കേണ്ടതാണ്. ഓഡിറ്റിൽ പരിശോധന വിധേയമാക്കിയ മേൽ റോഡുകൾക്കു പുറമേ കൂടുതൽ പ്രവൃത്തികളിൽ ഈ അപാകത സംഭവിച്ചിരിക്കാൻ സാധ്യതയുണ്ട്. ഇത് പരിശോധിക്കേണ്ടതും അധിക തുക നൽകിയിട്ടുണ്ടെങ്കിൽ തുക ഈടാക്കേണ്ടതുമാണ്. ഭാവിയിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ഈ വിഷയത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. അധികം നൽകിയ തുക ഈടാക്കി വിവരം

അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 17.11.2022 മുതൽ 18.11.2022 വരെ | ഇതേ ഓഡിറ്റ് റിപ്പോർട്ട് നമ്പറും തിയ്യതിയും |

### 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്- പന്തലായനി | 2021-22 | 41050 | പ്രോജക്ട് നം-28/21-22 നെൽകൃഷി വികസനം | 41050 | 0 |
| | 2021-22 | 200000 | 47/21-22. പാലിയേറ്റീവ് കെയർ പദ്ധതി | 200000 | 0 |
| | 2021-22 | 237500 | 96/21-22. ഭിന്നശേഷി സ്കോളർഷിപ്പ് | 237500 | 0 |
| | 2021-22 | 100000 | 123/21-22. ക്രാഡിൽ പദ്ധതി പ്രകാരം അങ്കണവാടി നവീകരണം | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2021-22 | 1530000 | 24/21-22 ലൈഫ് ഭവനപദ്ധതി | 1530000 | 0 |
| | 2021-22 | 280288 | 163/21-22. അയ്യപ്പൻവഴി വരയാലൻകണ്ടി കുടിവെള്ള പദ്ധതി | 280288 | 0 |
| | 2021-22 | 500000 | 158/21-22. കുനഞ്ചേരിമുക്ക് അങ്കണവാടി കെട്ടിടനിർമ്മാണം | 500000 | 0 |
| | 2021-22 | 400000 | 110/21-22. ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 400000 | 0 |
| | 2021-22 | 200000 | 116/21-22. കാലിത്തീറ്റ വിതരണം | 200000 | 0 |
| | 2021-22 | 49260 | പ്രോജക്റ്റ് നം-28/21-22 നെൽകൃഷി വികസനം | 49260 | 0 |
| | 2021-22 | 210000 | 53/21-22. പശുഗ്രാമം വനിത | 210000 | 0 |
| | 2021-22 | 120000 | 33/21-22. മുട്ടഗ്രാമം-വനിത | 120000 | 0 |
| | 2021-22 | 237500 | 96/21-22. ഭിന്നശേഷി സ്കോളർഷിപ്പ് | 237500 | |
| | 2021-22 | 1200000 | 24/21-22. ലൈഫ് ഭവനപദ്ധതി | 1200000 | |
| | 2021-22 | 100000 | 110/21-22. ക്ഷീരകർഷകർക്ക് | 100000 | |

| | | | | | |
|---|---|---|---|---|---|
| | | | പാലിന് ഇൻസെന്റീവ് | | |
| | 2021-22 | 200000 | 116/21-22. കാലിത്തീറ്റ വിതരണം | 200000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | എം.സി.എഫ് ഇലക്ട്രിസിറ്റി കണക്ഷൻ – അഡ്വാൻസ് | 22100283/ 14.07.2021 | 35908 | 35908 | 0 |
| കെ.എസ്. ഇ.ബി | കൃഷി ഭവൻ, മൃഗാശുപത്രി | 450210101/ 31.03.22 | 43388 | 43388 | 0 |

| | | | | | |
|---|---|---|---|---|---|
| | സെക്യൂരിറ്റി ഡെപ്പോസിറ്റ് | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി വായ്പ | | 3860873 | 777333 | | 3083540 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 66,38,589 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 66,38,589 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 66,38,589 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | തുക |
|---|---|---|
| 1 | അത്തോളി കോ ഓപ്പറേറ്റീവ് ബാങ്ക് | 56,33,964 |
| 2 | കെ.ഡി.സി. ബാങ്ക്, അത്തോളി | 10,04,625 |

| | |
|---|---|
| ആകെ | 66,38,589 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | - | 2004-05 | 11.1.3.43 പൊതു പരാമർശം | നികുതി പിരിവിൽ അലംഭാവം |
| 2004-05 | 2-2 | 2006-07 | 3-79.1.6 പൊതു പരാമർശം | ഗ്രാമപഞ്ചായത്തുകൾ, കെട്ടിട നികുതി, തൊഴിൽനികുതി, തനത് വരവ് യഥാസമയം പിരിച്ചെടുക്കാ ത്തതിനാൽ കാലഹരണപ്പെട്ടു. |
| 2004-05 | 2-4 | 2006- 07 | 3-79.3.3 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് – അപാകതകൾ |
| 2004-05 | 4-1 | 2006-07 | 3-79.4.1 പൊതു പരാമർശം | പുതിയ അക്കൗണ്ടിംഗ് സമ്പ്രദായവും ക്യാഷ്ബുക്കും മറ്റും ശരിയായ വിധം എഴുതുന്നില്ല. |
| 2004-05 | 3-6 | 2006-07 | 3-79.16.4 പൊതു പരാമർശം | സർക്കാർ നിർദ്ദേശങ്ങൾ, ചട്ടങ്ങൾ/സബ്സിഡി മാനദണ്ഡങ്ങൾ എന്നിവ പാലിക്കുന്നില്ല. |
| 2003-04 മുതൽ | | 2011-12 | 3.1.12 | ജലസേചന പദ്ധതികൾക്ക് വിനിയോഗിച്ച തുക പാഴായി |

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2007-08 വരെ | | | | (ചക്കുംകുളം, കാരവാളൂർ, പറക്കുളം) |
| 2014-15 | 2-1 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,70,04,079 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,36,81,937 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,965 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 33,106 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,42,553 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1965 | -- | ശ്രീമതി.ഇന്ദു.എ, സെക്രട്ടറി |
| 3-1 | | 33,106 | ശ്രീ.അബൂബക്കർ സിദ്ദീഖ്, |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 90,092 | ശ്രീ.അബൂബക്കർ സിദ്ദീഖ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-28 | 52,461 | ഡോ.നിമ മെഡിക്കൽ ഓഫീസർ (ഹോമിയോ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

2-1 98 ലൈബ്രറി സെസ്സ്

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അബൂബക്കർ സിദ്ദീഖ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പന്തലായനി ബ്ലോക്ക് പഞ്ചായത്ത് | കോരച്ചൻ കണ്ടിപുരയിൽ, മടവൂർ പി. ഒ |
| ശ്രീമതി.ഇന്ദു.എ, സെക്രട്ടറി | സെക്രട്ടറി, കുന്ദമംഗലം ഗ്രാമ പഞ്ചായത്ത് | പത്മാലയം, മൊകവൂർ, |

| | | |
|---|---|---|
| | | കോഴിക്കോട് –673303 |
| ഡോ.നിമ | മെഡിക്കൽ ഓഫീസർ (ഹോമിയോ) അത്തോളി ഗവ.ഹോമിയോ ഡിസ്പെൻസറി | ലഭ്യമല്ല. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി13/ 992/2018(2) തിയ്യതി.12.12.19 | 5 | 6,7,8,9,10 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി6/ 1449/2022(4) തിയ്യതി-21.10.2022 | 5 | 3-2,3-7,3-12, 3-13,4-1 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി6/ 1449/2022(7) തിയ്യതി-21.10.2022 | 1 | 3-26 |
| 2011-12 & 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി6/ 1449/2022(11) തിയ്യതി-21.10.2022 | 4 | 3-4, 3-16, 4-1-1, 4-6 |
| 2013-14 & | കെ.എസ്.എ.കെ.കെ.ഡി.പി6/ 1449/2022(12) | 2 | 2-1,3-10 |

| | | | |
|---|---|---|---|
| 2014-15 | തിയ്യതി-21.10.2022 | | |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി6/ 1449/2022(13) തിയ്യതി-21.10.2022 | 4 | 2-3, 2-5, 2-6, 3-1 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി6/ 1449/2022(14) തിയ്യതി-21.10.2022 | 1 | 3-7 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി6/ 1449/2022(15) തിയ്യതി-21.10.2022 | 20 | 1-12(1 മുതൽ 7 വരെ, 3.4 ബി, സി),2-4, 2-6, 3-4(1.2), 3-9, 3-10, 3-12, 3-14, 3-16, 4-5 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി6/ 1449/2022(16) തിയ്യതി-21.10.2022 | 8 | 1-12, 1-18(3,4), 1-19, 1-20, 1-22, 1-26, 3-2 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി6/ 363/2022തിയ്യതി-07.04.2022 | 20 | 1-2-1(1,7), 1-4-1, 1-10, 1-12-(3), 1-12(4), 1-12(8), 1-12(9),1-14, 1-16, 1-17 (2,3,4), 1-18 മുതൽ 1-21 വരെ, 1-23, 3-1, 4-2 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി6/ 364/2022 തിയ്യതി-07.04.2022 | 19 | 1-2-1(1,7), 1-4-1, 1-12, 1-13, 1-15, 1-17 മുതൽ 1-21 വരെ, 1-23 മുതൽ 1-26 വരെ, 1-28, 1-29, 3-1, 3-2 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്